No. 163 January 2001

# KERALA PRIVATE COLLEGE TEACHER

2001

പുതുവത്സരാശംസകൾ

THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

# വിദ്യാഭ്യാസക്കൂട്ടായ്മ

തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ മൂക്കിനുതാഴെവച്ചാണ് ആഗോളവൽക്കരണം രംഗത്തുവരുന്നതെന്നും അതിനെ എതിർക്കുവാൻ എല്ലാ ജനങ്ങളും മുന്നോട്ടുവരണമെന്നും സുകുമാർ അഴിക്കോട് പ്രസ്താവിച്ചു. ആഗോളവൽക്കരണ - വർഗീയ വിപത്തുകൾക്കെതിരെ വിദ്യാഭ്യാസ ക്യാമ്പയിൻ കമ്മിറ്റി സംഘടിപ്പിച്ച 'വിദ്യാഭ്യാസക്കൂട്ടായ്മ'യുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു സംസാരിയ്ക്കുകയായിരുന്നു അദ്ദേഹം. സാമ്രാജ്യത്വത്തിനെതിരെ പടപൊരുതിയ പഴശ്ശിരാജ തുടങ്ങിയവരെ തൂക്കിലേറ്റിയ ചരിത്രം ഇവിടെയുണ്ട്. എന്നാൽ ആഗോളവൽക്കരണത്തെ ചെറുക്കാൻ നമ്മുടെ മസ്തിഷ്ക്കത്തേയും വികാരത്തേയും ഉപയോഗപ്പെടുത്തേണ്ടതുണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു. നോക്കുന്നിടത്തെല്ലാം വെള്ളം, പക്ഷേ, കുടിയ്ക്കാൻ കഴിയുന്നില്ലാ എന്ന അവസ്ഥയിലാണ് ആഗോളവൽക്കരണം നമ്മെ തുറിച്ചുനോക്കുന്നത്.



എല്ലാ കാര്യങ്ങൾക്കും ആഗോളവൽക്കരണം ആവാം, എന്നാൽ പത്രപ്രവർത്തനത്തിനു മാത്രം അത് പാടില്ലായെന്ന് പറയുന്നതിൽ അർത്ഥമില്ലായെന്ന് അഴിക്കോട് പ്രസ്താവിച്ചു.

വിദ്യാഭ്യാസത്തെ ആഗോളവൽക്കരണത്തിന്റെ തുണ്ടുകളിലൊന്നാക്കി മാറ്റിയിരിക്കുകയാണെന്ന് പ്രൊഫ. നൈനാൻ കോശി പ്രസ്താവിച്ചു. വിദ്യാഭ്യാസം സേവനമല്ല, മറിച്ച് സാമ്പത്തിക കമ്പോളത്തിലെ വില്പന ചരക്കാക്കി മാറ്റിയിരിക്കുകയാണ്; ഇതാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ച ആഗോളവൽക്കരണം. അദ്ദേഹം അഭിപ്രായപ്പെട്ടു വിവരസാങ്കേതിക വിദ്യയെപോലും നിയന്ത്രിക്കുന്നത് ആഗോളവൽക്കരണമാണ്. ആഗോളവൽക്കരണത്തെയും വർഗ്ഗീയവൽക്കരണത്തെയും ചെറുക്കാൻ വിശാലമായ ജനകീയമുന്നേറ്റം ആവശ്യമാണെന്ന് നൈനാൻകോശി അഭിപ്രായപ്പെട്ടു.

ഡോ.ജി.ബാലമോഹൻതമ്പി അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ കെ.എസ്.ടി.എ. നേതാവ് റഷീദ് കണിച്ചേരി സ്വാഗതം പറഞ്ഞു. ആഗോളവൽക്കരണം നമ്മുടെ വിദ്യാഭ്യാസത്തെമാത്രമല്ല ബാധിക്കുന്നത്. ഭാരതത്തിലെ മൊത്തം ജനങ്ങളുടെ സംസ്കാരത്തെയാണ് ബാധിയ്ക്കുന്നതെന്ന് അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ഡോ.ബാലമോഹൻതമ്പി പ്രസ്താവിച്ചു. ഒരു തലത്തിൽ നമ്മൾ ആഗോളവൽക്കരണത്തെ എതിർക്കുകയും പാശ്ചാത്യരുടെ പല വസ്തുക്കളേയും നമ്മൾ സ്വീകരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് നമ്മൾ ആശയവ്യക്തത വരുത്തേണ്ടത് അദ്ദേഹം കൂട്ടിച്ചേർത്തു.

ഭരണാധികാരികൾ സാമ്രാജ്യത്വ ഭരണത്തിന് കീഴടങ്ങിയതിന്റെ ഫലമായാണ് ആഗോളവൽക്കരണം രംഗത്തുവന്നതെന്ന് കോടിയേരി ബാലകൃഷ്ണൻ പ്രസ്താവിച്ചു. ഇറക്കുമതി നയമാണ് ഇവിടെ നടപ്പിലാക്കുന്നത്. കേരം ഉള്ള കേരളത്തിൽ കേരം ഇറക്കുമതി ചെയ്യുന്നു. ആപ്പിൾ ഉള്ള സംസ്ഥാനത്ത് ആപ്പിൾ ഇറക്കുമതി ചെയ്യുന്നു. ദൈവത്തിന്റെ നാടായ കേരളത്തിൽ ദൈവത്തെ മാത്രമേ ഇറക്കുമതി ചെയ്യാനുള്ളുവെന്ന് ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതത്തെ പരാമർശിച്ച് അദ്ദേഹം അഭിപ്രായപ്പെട്ടു. ആഗോളവൽക്കരണത്തിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിച്ചുകൊണ്ടിരിക്കുന്നു; അതുപോലെ വിദ്യാഭ്യാസ രംഗത്ത് നമ്മൾ നേടിയിട്ടുള്ള നേട്ടങ്ങൾ അട്ടിമറിച്ചുകൊണ്ടിരിയ്ക്കുന്നു. സർവ്വകലാശാലകളുടെ ആട്ടോണോമി തകർത്ത് കേന്ദ്രം അവയുടെ ഭരണം ഏറ്റെടുക്കാൻ ശ്രമം നടത്തുന്നു. യുജിസി ഗ്രാന്റുപോലും വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നു. ഇതെല്ലാം ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതമാണ്. ഇതിനെതിരെ അദ്ധ്യാപകർ മാത്രമല്ല, പൊതുജനങ്ങളും മുന്നോട്ടുവരണമെന്ന് കോടിയേരി പ്രസ്താവിച്ചു. എ.കെ.പി.സി.ടി.എ. നേതാവ് പ്രൊഫ. വി.എൻ.മുരളി നന്ദി പ്രകാശിപ്പിച്ചു. ഉച്ചയ്ക്കുശേഷം മൂന്നു ഗ്രൂപ്പുകളായിതിരിഞ്ഞ് ആഗോളവൽക്കരണത്തെക്കുറിച്ചും വർഗ്ഗീയതയെക്കുറിച്ചും ചർച്ച നടന്നു. ◆

AKPCTA

KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

NO. 163 Jan. 2001

EDITORIAL BOARD

Chief Editor
**R. Mohana Kaimal**

Managing Editor
**S.Jayaraj Kumar**

Assistant Editor
**V. Jayakumar**

**Members**
Joy Job Kulavelil
V.N. Murali
V.Rajagopal
M.P. Lalitha Bai
K. Sasidharan
K.S. Pavithran
Dr. R. B. Rajalekshmi
T.N. Manoharan
J. Raju
Shahul Hameed. M
Mathew J. Muttath
G.S. Suresh
M.S. Vasantha kumar
M.D. Ratheesh Kumar
Dr. C.R. Prasad
Dr. K.H. Subrahmanian



# കേഴുക പ്രിയനാടേ

കേന്ദ്രമാനവശേഷി വകുപ്പ് മന്ത്രി ഡോ.മുരളീമനോഹർ ജോഷി ഈയിടെ തിരുവനന്തപുരത്തുവച്ച് പ്രകടിപ്പിച്ച ചില അഭിപ്രായങ്ങൾ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചായിരുന്നു. കൂട്ടത്തിൽ സംസ്കൃത സർവകലാശാല വൈസ് ചാൻസലറുടെ നിയമനത്തെ സംബന്ധിച്ചു നടത്തിയ പരാമർശം ഏറെ പരിഹാസ്യവും പ്രതിഷേധാർഹവുമാണ് എന്നു പറയാതെ വയ്യ. 'ഏതു മുറുക്കാൻ കടക്കാരനും ഇവിടെ വി.സി. ആകാം' എന്ന് അദ്ദേഹം പറഞ്ഞതായാണ് മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. പത്രറിപ്പോർട്ടുകൾ ശരിയെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയോട് സഹതപിക്കാതെ വയ്യ – കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അപാരമായ അജ്ഞതയോർത്ത്.

ഡോ.മുരളീമനോഹർ ജോഷി അലഹബാദ് സർവകലാശാലയിൽ പ്രൊഫസറായിരുന്നു എന്ന് അറിഞ്ഞതു തന്നെ അദ്ദേഹം അക്കാദമികരംഗം വിട്ട് ബി.ജി.പി. നേതാവായ ശേഷമാണ്. അക്കാദമിക രംഗത്തെ പ്രവർത്തനത്തിലൂടെയല്ല അദ്ദേഹം പ്രശസ്തനായത്. ഇതു പറയേണ്ടി വന്നത് അദ്ദേഹം സംസ്കൃത സർവകലാശാല വി.സി.യായി നിയമിതനായ ഡോ.കെ.എൻ.പണിക്കരെ ഉദ്ദേശിച്ചു നടത്തിയ പരാമർശം കൊണ്ടാണ്. ഡോ.പണിക്കർ വളരെ വർഷങ്ങൾക്കു മുമ്പുതന്നെ ഇന്ത്യയ്ക്കകത്തും പുറത്തും അറിയപ്പെട്ടത് പ്രഗത്ഭനായ അദ്ധ്യാപകൻ, ചരിത്രഗവേഷകൻ, പണ്ഡിതൻ എന്നീ നിലകളിലാണ്, രാഷ്ട്രീയ നേതാവ് എന്ന നിലയിലല്ല. രണ്ടു പതിറ്റാണ്ടിലേറെക്കാലം ജവഹർലാൽ നെഹ്റു സർവകലാശാലയിലെ ചരിത്ര വിഭാഗം അദ്ധ്യാപകനായിരുന്നു ഡോ. പണിക്കർ. ഒട്ടേറെ വിദേശസർവകലാശാലകളിൽ പ്രഭാഷണങ്ങൾ നടത്തുന്നതിന് എത്രയെങ്കിലും പ്രാവശ്യം ക്ഷണിയ്ക്കപ്പെട്ടിട്ടുള്ള – അടുത്തകാലത്തും അമേരിക്കൻ സർവകലാശാലകളിൽ പ്രഭാഷണം നടത്തുന്നതിന് ക്ഷണിക്കപ്പെട്ടിരുന്ന – ആളാണ് പ്രശസ്തനായ ഈ ചരിത്രപണ്ഡിതൻ. സംസ്കൃതസർവകലാശാല വി.സി.യാകുന്നതിന് വേണ്ടത് ഈ യോഗ്യതകളല്ലെന്നാണ് ഡോ.ജോഷിയുടെ പരാമർശം സൂചിപ്പിക്കുന്നത്. സംസ്കൃത സർവകലാശാല വി.സി.സംസ്കൃത പണ്ഡിതനായിരിക്കണമെന്ന നിബന്ധനയൊന്നുമില്ല. പല സർവകലാശാലകളിലെയും വി.സിമാർ Academicians അല്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? വി.സി. തെരഞ്ഞെടുപ്പുസമിതിയിൽ യു.ജി.സി പ്രതിനിധി ആയിരുന്ന ഒരു മുൻ ഐ.എ.എസ്സ്.കാരനെ – അദ്ദേഹം അർത്ഥശാസ്ത്രപണ്ഡിതനാണ് – തിരുപ്പതി സംസ്കൃത സർവകലാശാല വൈസ് ചാൻസലറായി നിയമിച്ചത് കേന്ദ്രഗവൺമെന്റാണ് എന്നോർക്കേണ്ടതുണ്ട്.

ഡോ.പണിക്കരുടെ നിയമനത്തെ വിമർശിക്കാൻ പാടില്ലെന്നു ആരും പറയുന്നില്ല. ഡോ.ജോഷിയ്ക്ക് അതിനവകാശമുണ്ടെന്നും സമ്മതിയ്ക്കാം. എന്നാൽ ഡോ.പണിയ്ക്കരെ അധിക്ഷേപിയ്ക്കാൻ മാത്രം എന്തപരാധം അദ്ദേഹം ചെയ്തു? രാഷ്ട്രീയത്തിൽ നേതാക്കന്മാർ പ്രതിയോഗികളെ കടന്നാക്രമിയ്ക്കുന്നതും വിദ്വേഷ കലുഷിതമായ പ്രസ്താവനകൾ നടത്തുന്നതും സാധാരണമാണ്. രാഷ്ട്രീയത്തിൽ നിന്നും ഭിന്നമായ അക്കാദമികമണ്ഡലത്തെക്കുറിച്ച്, വി.സി.യെക്കുറിച്ച് ഉത്തരവാദപ്പെട്ട ഒരു മന്ത്രി നടത്തിയ മേൽ സൂചിപ്പിച്ച പ്രതികരണം മിതമായി പറഞ്ഞാൽ തരം താണതായിപ്പോയി. ഇന്ത്യൻ പട്ടാളത്തിന്റെ സംരക്ഷണമുണ്ടെങ്കിൽ ഏത് ഇന്ത്യാക്കാരനും കാശ്മീരിലെ ഭീകരവാദികളുടെ ഏതു കേന്ദ്രത്തിലും കടന്നുചെന്ന് ദേശീയ പതാക ഉയർത്താൻ സാധിക്കുമെന്ന് ഡോ.ജോഷി തന്നെ തെളിയിച്ചതാണല്ലോ! പക്ഷേ അതു പോലെയല്ലല്ലോ വൈസ് ചാൻസലറാവുന്നത്.

ഡോ.ജോഷിയുടെ നിലവിട്ട പരാമർശങ്ങൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ വീക്ഷണത്തിന് അനുഗുണമായിരിക്കാം. ഇന്ത്യയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അമരക്കാരനായ മന്ത്രിയിൽ നിന്നും ഉണ്ടായ വിലകുറഞ്ഞ പ്രസ്താവനകൾ നമ്മുടെ സാംസ്കാരികാധപതനത്തിലേക്കു വിരൽ ചൂണ്ടുന്നു. ◆

# എ.കെ.പി.സി.ടി.എ

## പ്രവർത്തക സമിതി തീരുമാനങ്ങൾ

**(2000 ഡിസംബർ 3)**

എ.കെ.പി.സി.ടി.എ 43-ാം സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ നടത്താൻ ഡിസംബർ 3ന് ചേർന്ന പ്രവർത്തക സമിതി തീരുമാനിച്ചു. കേരളത്തിൽ അസംബ്ലി തെരഞ്ഞെടുപ്പ് വരുന്നതുകൊണ്ടാണ് സാധാരണ മാർച്ചിൽ നടത്തുന്ന സംസ്ഥാന സമ്മേളനം നേരത്തേ നടത്താൻ നിശ്ചയിച്ചത്. ജനുവരി 15നകം ബ്രാഞ്ചു സമ്മേളനങ്ങളും ഫെബ്രുവരി 5നകം ജില്ലാ സമ്മേളനങ്ങളും നടത്തണം. സമ്മേളന ഫണ്ടിലേക്ക് ഓരോ അംഗവും 125 രൂപാവീതം നല്കണം. സംസ്ഥാന റിട്ടേണിംഗ് ഓഫീസറായി പ്രൊഫ. ടി.കെ.തോമസിനേയും (പ്രിൻസിപ്പൽ, സെന്റ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി, വയനാട്) ഓഡിറ്ററായി ഡോ.എം.കെ.രാമകൃഷ്ണനെയും (ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്) പ്രവർത്തകസമിതി നിശ്ചയിച്ചു.

### ശമ്പളം തടയുന്നതിൽ പ്രതിഷേധം

കോളജുകളിൽ വളരെ വർഷങ്ങളായി ജോലി നോക്കി വരുന്ന അധ്യാപകരുടെ ശമ്പളം ചില ഡെ.ഡി.സി.ഇ മാർ തടഞ്ഞതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. 24-4-97 നു ശേഷമാണ് അവർ സ്ഥിരം വേക്കൻസികളിൽ നിയമിക്കപ്പെട്ടതെന്ന ന്യായമാണ് ശമ്പളം തടയാൻ പറഞ്ഞിരിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് എ.കെ.പി.സി.ടി.എ വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. അനുകൂലമായ തീരുമാനമുണ്ടാകുന്നില്ലെങ്കിൽ സംഘടന സമരം ആരംഭിക്കും.

### ഡിസംബർ 12 പ്രതിഷേധദിനം: ബാഡ്ജ് ധരിക്കുക.

എ.ഐ.എഫ്.യു.സി.ടി.ഒ യുടെ നേതൃത്വത്തിൽ അധ്യാപകർ ഡിസംബർ 12ന് പാർലമെന്റ് മാർച്ച് നടത്തും. കോളജധ്യാപക സംയുക്തസമര സമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ അധ്യാപകർ അന്ന് ബാഡ്ജ് ധരിച്ച് പ്രതിഷേധ ദിനം ആചരിക്കും. കേന്ദ്രസർക്കാരും ഐഫക്ടോയും തമ്മിൽ 5-9-98നും 6-10-99നും ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുക, വിദ്യാഭ്യാസത്തിന് കൂടുതൽ ഫണ്ട് നീക്കി വയ്ക്കുക, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ധനസഹായം നല്കുന്നതിൽനിന്നും പിന്മാറാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ഉപേക്ഷിക്കുക, വിദ്യാഭ്യാസത്തിന്റെ മതേതരമൂല്യം സംരക്ഷിക്കുക തുടങ്ങിയ പ്രധാനമുദ്രാവാക്യങ്ങളുയർത്തിയാണ് പാർലമെന്റ് മാർച്ചും പ്രതിഷേധ ദിനാചരണവും നടക്കുന്നത്. എല്ലാ ബ്രാഞ്ചുകളും പ്രതിഷേധ ദിനാചരണം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം പ്രധാനമന്ത്രി, എച്ച്.ആർ.ഡി. മന്ത്രി, യു.ജി.സി. ചെയർമാൻ എന്നിവർക്ക് ബ്രാഞ്ചംഗങ്ങൾ ഒപ്പിട്ട പ്രതിഷേധ പ്രമേയം അയച്ചുകൊടുക്കണം.

### യൂണി:കമ്മീഷൻ റിപ്പോർട്ടുകൾ ചർച്ച ചെയ്യണം.

കേരള മഹാത്മാഗാന്ധി സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷനുകൾ നല്കിയ പഠന റിപ്പോർട്ടുകൾ വിശദമായ ചർച്ചകൾക്കുശേഷമേ നടപ്പിലാക്കാവൂ എന്ന് പ്രവർത്തക സമിതി അഭിപ്രായപ്പെട്ടു. യൂണിവേഴ്സിറ്റിയുടെ ജനാധിപത്യ സ്വഭാവം തകർക്കാനും, ആട്ടോണമസ് കോളജുകൾ കൊണ്ടുവരാനുള്ള നീക്കങ്ങളെ എ.കെ.പി.സി.ടി.എ ശക്തിയുക്തം എതിർക്കുമെന്നും യോഗം അഭിപ്രായപ്പെട്ടു.

### ഫിക്സേഷൻ ജോലികൾ ഉടൻ പൂർത്തിയാക്കണം

5-ാം യുജിസി ശമ്പള പരിഷ്കാരം ഗവൺമെന്റ് കോളജധ്യാപകർക്ക് ലഭിച്ചു കഴിഞ്ഞു. പ്രൈവറ്റ് കോളജധ്യാപകരുടെ ശമ്പള ഫിക്സേഷൻ ജോലികൾ എത്രയും വേഗം പൂർത്തിയാക്കാനും അധ്യാപകർക്ക് പുതുക്കിയ ശമ്പളം ഉടൻതന്നെ ലഭ്യമാക്കാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് കോളജ് വിദ്യാഭ്യാസ ഡയറക്ടറോടും ഡെപ്യൂട്ടി ഡയറക്ടർമാരോടും സംഘടന ആവശ്യപ്പെട്ടു. ഇനിയും കാലതാമസമുണ്ടാവുകയാണെങ്കിൽ സമരമാർഗ്ഗം സ്വീകരിക്കാൻ സംഘടന നിർബന്ധിതമാകുമെന്ന് പ്രവർത്തകസമിതി മുന്നറിയിപ്പു നല്കി.

### ബിൽഡിംഗ് ഫണ്ടിലേക്ക് ഓരോ അംഗവും 500രൂപ നല്കുക.

പുതിയ ശമ്പള പരിഷ്കാരം ലഭിക്കുമ്പോൾ സംഘടനയുടെ ബിൽഡിംഗ് ഫണ്ടിലേക്ക് ഓരോ അംഗവും 500 രൂപ വീതം നല്കണമെന്ന് പ്രവർത്തക സമിതി അഭ്യർത്ഥിച്ചു. ഓഫീസിലേക്ക് ഫാക്സ് മെഷീൻ വാങ്ങുവാൻ പ്രവർത്തക സമിതി തീരുമാനിച്ചു. അധ്യാപകർക്ക് മെച്ചത്തിൽ പ്രയോജനപ്പെടുന്ന തരത്തിൽ ഓഫീസ് ആധുനികവല്കരിക്കുന്നതിന് എല്ലാ അംഗങ്ങളുടേയും സഹായം ഉണ്ടാകുമെന്ന് പ്രവർത്തക സമിതി പ്രതീക്ഷിക്കുന്നു. ബിൽഡിംഗ് പണിയുന്നതിനായി അംഗങ്ങളിൽ നിന്നും കടംവാങ്ങിയ തുക ഉടനേ തിരിച്ചു നല്കാനും തീരുമാനിച്ചിട്ടുണ്ട്.

## ജനുവരി 10ന് പൊതുപണിമുടക്ക്

കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരേ എഫ്.എസ്.ഇ.ടി.ഒ യുടെ നേതൃത്വത്തിൽ ജനുവരി 10ന് നടക്കുന്ന പൊതുപണിമുടക്ക് വിജയിപ്പിക്കുവാൻ പ്രവർത്തക സമിതി തീരുമാനിച്ചു. ഡിസംബർ 19,20 തീയതികളിൽ നടക്കുന്ന ജില്ലാ കൺവെൻഷനുകളിലും ജനുവരി 2 മുതൽ 6 വരെ നടക്കുന്ന കാൽനട പ്രചാരണ ജാഥകളിലും എകെപിസിടിഎ അംഗങ്ങൾ പങ്കെടുക്കണം.

## ആഗോളവല്ക്കരണ-വർഗീയ വിപത്തുകൾക്കെതിരെ വിദ്യാഭ്യാസക്കൂട്ടായ്മ

ആഗോളവല്ക്കരണത്തിന്റെയും വർഗ്ഗീയവല്ക്കരണത്തിന്റെയും പിടിയിലമരുകയാണ് വിദ്യാഭ്യാസരംഗം. ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങൾ വിദ്യാഭ്യാസത്തിന്റെ മതേതരമൂല്യം തകർക്കുകയാണ്. ഇതിനെതിരേ പ്രതികരിക്കാനുള്ള വിപുലമായ വിദ്യാഭ്യാസക്കൂട്ടായ്മയുടെ സംസ്ഥാനതല കൺവെൻഷൻ ഡിസംബർ 30ന് തിരുവനന്തപുരത്ത് നടന്നു. ഡോ. സുകുമാർ അഴീക്കോടാണ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തത്. ഇനി ജില്ലകളിലും വില്ലേജുകളിലും കൺവെൻഷനുകൾ ചേരും. എകെപിസിടിഎ അംഗങ്ങൾ ഈ വിദ്യാഭ്യാസക്കൂട്ടായ്മയിൽ സജീവമായ പങ്കുവഹിക്കണമെന്ന് പ്രവർത്തക സമിതി അഭ്യർത്ഥിച്ചു.

## ഇഞ്ചിനീയറിംഗ് കോളജ് അധ്യാപകരുടെ ശമ്പള പരിഷ്കാരം

ഇഞ്ചിനീയറിംഗ് കോളജധ്യാപകരുടെ എഐസിടിഇ ശമ്പള പരിഷ്കാരം സംഘടന നടത്തിയ പല സമരങ്ങൾക്കുശേഷമാണ് സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചത്. യു.ജി.സി ശമ്പള പരിഷ്കാരത്തിൽ നടപ്പിലാക്കിയ ബഞ്ചിംഗ് ആനുകൂല്യത്തോടുകൂടി റെഡി റെക്കണർ ഇഞ്ചിനീയറിംഗ് കോളജധ്യാപകർക്കും ബാധകമാക്കണമെന്ന് നിവേദനം സംഘടന സർക്കാരിനു നല്കുകയുണ്ടായി. ഇതു സംബന്ധിച്ചുള്ള ഫയലിൽ ഉടൻതന്നെ തീരുമാനമുണ്ടാകണമെന്ന് പ്രവർത്തക സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. ഇനിയും വൈകിയാൽ സമര മാർഗ്ഗം സ്വീകരിക്കുമെന്ന് എകെപിസിടിഎ സർക്കാരിന് മുന്നറിയിപ്പു നല്കി.

## പടിയാർ ഹോമിയോ കോളജ് അധ്യാപകർക്ക് ഉടൻ ശമ്പളം നല്കണം.

ഡയറക്ട് പേമെന്റ് ഏർപ്പെടുത്തിയിട്ട് ഒരു വർഷമായിട്ടും പടിയാർ ഹോമിയോ കോളജ് അധ്യാപകർക്ക് ഇതുവരെ ശമ്പളം ലഭിച്ചിട്ടില്ല. സ്റ്റാഫ് ഫിക്സേഷന്റെ പേരിൽ അധ്യാപകർ ശമ്പളമില്ലാതെ വലയുകയാണ്. അധ്യാപകർക്ക് ഉടൻ ശമ്പളം നല്കണമെന്ന് പ്രവർത്തകസമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. ◆

# വനിതാ കൺവൻഷൻ

ആഗോളവൽക്കരണവും, വർഗ്ഗീയതയും ഉന്നത വിദ്യാഭ്യാസരംഗത്ത് സൃഷ്ടിക്കുന്ന വിപത്തുകൾക്കെതിരെ കോളജ് അധ്യാപികമാർ രംഗത്തുവരണമെന്ന് എ.കെ.പി.സി.ടി.എ തിരുവനന്തപുരം വനിത കൺവെൻഷൻ ആഹ്വാനം ചെയ്തു. എൻ.ജി.ഒ യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി. കെ. ആർ.ഭാനുമതി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സ്വകാര്യവൽക്കരണത്തിനും ആക്കം കൂടിയിരിക്കുകയാണ്. നിയമാധിഷ്ഠിത സേവന ഭദ്രത ഓരോന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ജാതിമതാധിഷ്ഠിതമായി ഇന്ത്യയെ വിഘടിപ്പിക്കുന്നതിലൂടെ ദേശീയ ഐക്യം നഷ്ടപ്പെടുകയാണ്. പാഠ്യക്രമത്തിലും, പാഠപുസ്തകങ്ങളിലും മാറ്റം വരുത്തിക്കൊണ്ട് വർഗ്ഗീയത വളർത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് അധ്യാപകരായും, വിദ്യാർത്ഥികളായും ബഹുഭൂരിപക്ഷവും വനിതകളായിരിക്കെ വനിതാ അധ്യാപകരുടെ ഉത്തരവാദിത്വം കൂടുതലാണെന്ന് സമ്മേളനം വിലയിരുത്തി.

യോഗത്തിൽ പ്രൊഫഃ എം.പി.ലളിതാഭായി അധ്യക്ഷയായിരുന്നു. ഡോഃലേഖാ നരേന്ദ്രൻ, ഡോഃതാര, പ്രൊഫഃവി.എൻ. മുരളി, പ്രൊഫഃ




എ.പ്രതാപചന്ദ്രൻനായർ, പ്രൊഫഃചന്ദ്രലേഖാദേവി, പ്രൊഫഃ രാജരാജേശ്വരി, ഡോഃ ആർ.ബി.രാജലക്ഷ്മി എന്നിവർ സംസാരിച്ചു. ◆

# സംസ്ഥാനസമ്മേളനം സ്വാഗതസംഘം രൂപീകരിച്ചു



എ.കെ.പി.സി.ടി.എ.യുടെ 43–ാം സംസ്ഥാനസമ്മേളനം 2001 ഫെബ്രുവരി 16,17,18 തീയതികളിൽ ആലപ്പുഴയിൽ വച്ച് നടത്തുന്നതാണ്. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.ജോയ്ജോബ് കുളവേലിയുടെ അധ്യക്ഷതയിൽ കൂടിയ സ്വാഗതസംഘരൂപീകരണ യോഗം ജില്ലാ ബാങ്ക് പ്രസിഡന്റ് സ: കെ.വി.ദേവദാസ് ഉദ്ഘാടനം ചെയ്തു. 501 പേരുള്ള സംഘാടകസമിതിയുടെ ചെയർമാനായി സ: കെ.വി.ദേവദാസിനേയും ജനറൽ കൺവീനറായി പ്രൊഫ. രഘുനാഥിനേയും തെരഞ്ഞെടുത്തു. വിവിധ കമ്മറ്റികളുടെ ചെയർമാന്മാരായി ശ്രീ. ടി.കെ.ദേവകുമാർ, ശ്രീ. കോട്ടയ്ക്കൽ വിശ്വനാഥൻ, ശ്രീ. അജയ്സുധീന്ദ്രൻ, ശ്രീ. പി.പി.ചിത്തരഞ്ജൻ, ശ്രീ. കെ.വി.സുധാകരൻ, ശ്രീ. കെ.സോമനാഥപിള്ള, ശ്രീ. സി.എൻ.എൻ. നമ്പി, ശ്രീ. വി.ബി.അശോകൻ, ശ്രീ. വി.എസ്.മണി, ഡോ.ജയപ്രകാശ്, ശ്രീ. എം.സന്തോഷ്കുമാർ എന്നിവരേയും കൺവീനർമാരായി, ശ്രീ. എസ്.വിജയകുമാർ, ശ്രീ. കെ.എ.ജോർജ്, ശ്രീ. ജി. ബാലചന്ദ്രൻ, ശ്രീ. എസ്.വേണു, ശ്രീ. കെ.പി.പ്രസാദ്, ശ്രീ. ആർ.വേണുഗോപാൽ, ശ്രീ. ബി.ശ്രീകുമാർ, ശ്രീ. സെൻപിള്ള, ശ്രീ. എം.എം.തോമസ്, ശ്രീ. പ്രദീപ് എന്നിവരെയും തെരഞ്ഞെടുത്തു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ശ്രീ. സി.എൻ.എൻ. നമ്പി, ശ്രീ. അജയ് സുധീന്ദ്രൻ, ശ്രീ. കെ.ജി.ജയരാജൻ, ശ്രീ. വി.രാജശേഖരൻ നായർ, ശ്രീ. ജോസഫ് ജെയിംസ്, ശ്രീ. ജെനിമോൻ, ശ്രീ. എസ്.ദാമോദരൻ. ശ്രീ. എ.രാഘവൻ, ശ്രീ. കെ.പി.പ്രതാപൻ, ശ്രീ. ശാന്താറാം കുമാരദാസ് എന്നിവർ സംസാരിച്ചു. പ്രൊഫ.വി.എൻ.മുരളി സ്വാഗതവും പ്രൊഫ.കെ.എ. ജോർജ് നന്ദിയും രേഖപ്പെടുത്തി. ◆

## കെ. എസ്. രവികുമാറിന് 'തായാട്ട് അവാർഡ്'

അബൂദാബി ശക്തി അവാർഡ്കമ്മറ്റിയുടെ സാഹിത്യനിരൂപണത്തിനുള്ള 'തായാട്ട് അവാർഡ്' ഡോ. കെ. എസ്. രവികുമാർ രചിച്ച ചെറുകഥ – 'വാക്കും വഴിയും' എന്ന ഗ്രന്ഥത്തിന് ലഭിച്ചിരിക്കുന്നു. 5000രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന അവാർഡ് കണ്ണൂരിനടുത്ത് ചെറുകുന്നിൽ വച്ചു നടന്ന സമ്മേളനത്തിൽ ബഹു.സാംസ്കാരിക വകുപ്പുമന്ത്രിയിൽ നിന്ന് രവികുമാർ ഏറ്റുവാങ്ങി.

ഡോ. രവികുമാർ എം.ജി.കോളജിൽ മലയാളം അധ്യാപകനാണ്.

**എ.കെ.പി.സി.ടി.എ.യുടെ അനുമോദനങ്ങൾ. ആശംസകൾ.**

# വർത്തമാനം വീണ്ടെടുക്കുക

**കെ.എസ്.രവികുമാർ**
എം.ജി. കോളജ്, തിരുവനന്തപുരം

ഒരു സമൂഹമെന്ന നിലയിൽ നാം ഇന്ന് അത്യന്തം സങ്കീർണ്ണമായ അനുഭവങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ആ അനുഭവങ്ങൾ പലതരം പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുന്നുണ്ട്. അവയെ സർഗ്ഗാത്മകമായി നേരിടുന്നതിനെക്കാൾ അവയിൽ നിന്നൊളിച്ചോടാനും, ഭൂതകാലത്തിന്റെ വർണ്ണ വസ്ത്രംകൊണ്ട് വർത്തമാനാനുഭവത്തിന് മറയിടാനുമാണ് ജനതയെന്ന നിലയിൽ നാം ശ്രമിക്കുന്നത്.

സമകാല ജീവിതത്തിൽ ഭൂതകാലത്തിനു ലഭിക്കുന്ന പ്രാധാന്യം ഇന്ന് ഏറ്റവും പ്രകടമായികാണുന്നത് രാഷ്ട്രീയരംഗത്താണ്. ഭൂതകാല പുനരുത്ഥാനവാദത്തിൽ ഉറച്ചുനില്ക്കുന്ന മതാധിഷ്ഠിത രാഷ്ട്രീയ സംഘടനകൾക്ക് കുറഞ്ഞൊരുകാലം കൊണ്ട് ലഭിച്ച മാന്യതയും ബഹുജനാംഗീകാരവും ഇത് വ്യക്തമാക്കുന്നു. ഭവിഷ്യുന്മുഖമായിരുന്ന നവോത്ഥാനമൂല്യങ്ങളിൽ നിന്ന് സമൂഹം പിന്നോട്ടുപോയി എന്നതാണതിന്റെ മറുപുറം. വർത്തമാന ജീവിതത്തിന്റെ പ്രശ്നങ്ങളെ വിധായക (positive) മായി നേരിടുന്ന രാഷ്ട്രീയത്തിന്റെ സർഗ്ഗാത്മകത ഇവിടെ നഷ്ടമാകുന്നു.

സാമൂഹികജീവിതത്തിലാകട്ടെ, ഈ ഭൂതകാലോന്മുഖത ഇടക്കാലത്ത് നാം തള്ളിക്കളഞ്ഞ പല വിലോമപ്രവണതകളെയും വർദ്ധിത വീര്യത്തോടെ തിരിച്ചുകൊണ്ടുവരുന്നു. ഇന്ന് ഉപരിപ്ലവവും പ്രകടനാത്മകവുമായി ഭക്തിവികാരം അതിവേഗം പടരുന്നു. ആധ്യാത്മികതയുടെ കാവി പുതച്ച സ്വാർത്ഥകൗടില്യങ്ങളും സ്ഥാപിത താല്പര്യങ്ങളും അതിന് ചൂക്കാൻ പിടിക്കുകയും പരിപോഷണം നല്കുകയും ചെയ്യുന്നു. അന്ധവിശ്വാസജന്യമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ചടങ്ങുകളിലും ജനം കൂടുതൽ കൂടുതൽ ആഭിമുഖ്യം പുലർത്തുന്നു. ജാതകത്തിലും ജ്യോതിഷത്തിലും മറ്റും കൂടുതൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഭൂതകാലവുമായി ബന്ധപ്പെട്ട ഒരു ഉത്സവാത്മകത പൊതുജീവിതത്തിനു നല്കി നാം ആശ്വസിക്കുന്നു.

ജീവിതത്തെ മുന്നോട്ടു നയിക്കുന്ന അഭികാമ്യമായ ചൈതന്യവിശേഷമാണ് പാരമ്പര്യം. അതിൽ ഭൂതകാലാനുഭവത്തിൽ നിന്നാർജ്ജിച്ച ഊർജ്ജം ഭാവിയുടെ പ്രശ്നങ്ങളെ നേരിടാനുള്ള ശക്തിയായിത്തീരുന്നു. എന്നാൽ പാരമ്പര്യത്തിന് മറ്റൊരു തലം കൂടിയുണ്ട്. ഭൂതകാലത്തിന്റെ ജഡസ്വഭാവവും കുറെയൊക്കെ അതിൽ ഉൾച്ചേർന്നിരിക്കും. ആചാരബദ്ധവും ബാഹ്യവിതാനത്തിൽ ഉള്ളതുമായ പാരമ്പര്യത്തിന്റെ ജഡാംശങ്ങൾ പുരോഗതിയ്ക്കു വിലങ്ങുനില്ക്കുന്ന വെറും ഭാരം മാത്രം. സ്ഥൂലവും പ്രകടവുമായ ഈ ബാഹ്യാംശങ്ങളെ പൊലിപ്പിച്ചുകാട്ടി പാരമ്പര്യത്തെ വെറും ഭൂതകാലാരാധനയായി മാറ്റുന്ന പ്രവണതയാണ് ഇന്ന് നമുക്കു ചുറ്റും കാണുന്നത്. ഭൂതകാലത്തിൽ നിന്നാർജ്ജിക്കുന്ന അനുഭവപരിപാകം വർത്തമാനകാലത്തിന്റെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നേരിടാൻ കരുത്തുനേടുമ്പോൾ പാരമ്പര്യം ജൈവസ്വഭാവം കൈവരിക്കുന്നു. അപ്പോൾ പാരമ്പര്യം സർഗ്ഗാത്മകമാകുന്നു. മറിച്ച് വർത്തമാന ജീവിതത്തിന്റെ വെല്ലുവിളികൾക്കുമുമ്പിൽ ജനതയെ ഉദാസീനരാക്കുന്ന മയക്കുമരുന്നായി ഭൂതകാലം മാറുമ്പോൾ പാരമ്പര്യം ജഡീഭൂതമാകുന്നു. ഇന്നു നാം ചുറ്റും കാണുന്ന ഭൂതകാലാഘോഷങ്ങൾ ഈ ജഡതയുടെ ഉത്സവപ്രകടനങ്ങളാകുന്നു.

നവോത്ഥാനഘട്ടത്തിന്റെ ജീവത്തായ ചിന്തകളും അതിൽ നിന്നൂർജ്ജം കൊണ്ടവരുടെ കർമ്മങ്ങളുമാണ് ഈ നൂറ്റാണ്ടിനെ പുരോഗതിയുടെ യുഗമാക്കിയത്. വാസ്തവത്തിൽ ഇന്ന് നടക്കുന്നത് ചൈതന്യഭരിതമായിരുന്ന ആ നാളുകളുടെയും ആളുകളുടെയും ഓർമ്മകളുടെയും കച്ചവടമാണ്. സ്വാതന്ത്ര്യസമരത്തിന്റെ ജ്വലനങ്ങളുടെയും സഹനങ്ങളുടെയും ഓർമ്മകൾ സ്വാതന്ത്ര്യലബ്ധിയുടെ വാർഷികനാളുകളിൽ ബഹുരാഷ്ട്രകുത്തകകളുടെ വർണ്ണപരസ്യങ്ങൾക്കിടയിൽ ഫില്ലറുകളായിത്തീരുന്നു. കമ്യൂണിസ്റ്റ് വിപ്ലവകാരികളുടെ ചോരപുരണ്ട സ്മരണകൾ പാർലമെന്ററി വ്യാമോഹത്തിന്റെ ഒത്തുതീർപ്പുകൾക്ക് മറയിടാനുള്ള യവനികയായിത്തീരുന്നു. നക്സലൈറ്റ് വിപ്ലവകാരികളുടെ ആദർശാത്മകതയും വർഗീസിന്റെ രക്തസാക്ഷിത്വവും അടിയന്തിരാവസ്ഥയുടെ രജതജയന്തിയിൽ കൂടുതൽ വിപണനമൂല്യം നേടുന്നു. ഇവയോരോന്നും ഒരിക്കൽ പൊള്ളുന്ന അനുഭവങ്ങളായിരുന്നു. ഇന്നവ നമ്മുടെ സംസ്കാരവ്യവസായത്തിന്റെ പ്രിയപ്പെട്ട വിഭവങ്ങളായി മാറിയിരിക്കുന്നു. സ്വാർത്ഥനിഷ്ടവും ഉപഭോക്തൃ പ്രധാനവുമായ ഇന്നത്തെ പൊള്ള ജീവിതത്തിനു മറയിടാൻ ആ ഓർമ്മകളുടെ ആഘോഷം ഉപകരിക്കുന്നു എന്നതാണ് സത്യം. ഇന്ദ്രിയാമോദങ്ങളിൽ മാത്രം അഭിരമിക്കുന്ന സ്വാർത്ഥത ഒട്ടും കൈവെടിയാൻ തയ്യാറില്ലാത്ത വർത്തമാന സമൂഹം തങ്ങളുടെ അടിസ്ഥാന സ്വഭാവം മറച്ചുവെയ്ക്കാനായി ആദർശത്തിന്റെയും നിസ്വാർത്ഥതയുടെയും മൂല്യബോധത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഭൂതകാലസ്മരണകൾ ആഘോഷിക്കുന്നു. രാമനെയും ഗാന്ധിയെയും മാർക്സിനെയും ഉയർത്തിപ്പിടിച്ചുകൊണ്ട് അവർ പ്രതിനിധാനം ചെയ്യുന്ന ആദർശത്തിന് വി

പരീതമായി പ്രവർത്തിക്കുന്നതിന്റെ മറ്റൊരുമുഖമാണിത്.

സാംസ്കാരികരംഗത്ത് ഈ ഭൂതകാലാഘോഷം വൃദ്ധപൂജയിൽ സായൂജ്യമടയുന്നു. പ്രതിഭയുടെ പരിമിതിയെയും സർഗ്ഗാത്മകതയുടെ ക്ഷയത്തെയും പ്രായത്തിന്റെ ആധിക്യംകൊണ്ട് അതിജീവിക്കുന്നവരാണ് നമ്മുടെ സാംസ്കാരിക നായകരിലേറെയും. അവരെ പൂജിച്ചുകൊണ്ട് വർത്തമാനകാലത്തിന്റെ സർഗ്ഗാത്മക ദാരിദ്ര്യത്തെ നാം അതിവർത്തിക്കുന്നു. വൈദ്യശാസ്ത്രത്തിന്റെ മികവിൽ മനുഷ്യന്റെ ശരാശരി ജീവിതദൈർഘ്യം ഏറെ ഉയർന്നകാലമാണിത്. എൺപതു വയസ്സിനുമേൽ ജീവിക്കുന്ന ഏത് എഴുത്തുകാരനും 'എഴുത്തച്ഛ'നാകാൻ കഴിയുന്ന ചുറ്റുപ്പാടുകൾ ഇന്ന് ഇവിടെയുണ്ട്.

എഴുത്തിൽ നിലവാരക്കുറവുണ്ടെങ്കിൽ അതു പരിഹരിക്കുന്ന പോഷകാഹാരം പലതുണ്ട്. അധികാരം, ജാതി, പാർട്ടി, മാധ്യമബന്ധം എന്നിങ്ങനെ പോകുന്നു ആ പോഷകങ്ങൾ. അവാർഡുകളും ബഹുമതികളും മാധ്യമങ്ങളിൽ ആഘോഷപൂർവമുള്ള മരണാനന്തരക്രിയകളും നാം അവർക്ക് ഉറപ്പാക്കിയിട്ടുണ്ട്. ഇന്ന് നമ്മുടെ ഭാവുകത്വത്തെ പിടിച്ചുലയ്ക്കുന്ന കൃതികൾ ഉണ്ടാകാത്തതുമൂലമുള്ള തളംകെട്ടൽ വൃദ്ധന്മാരുടെ ഇന്നലെകളെ ആഘോഷിച്ച് നാം അതിജീവിക്കുന്നു.

ഇപ്പോൾ പുറത്തുവരുന്ന പുസ്തകങ്ങളിലും ഈ ഭൂതകാലാഭിരതികാണാം. പുതിയ പുസ്തകങ്ങളെക്കാൾ പഴയപുസ്തകങ്ങളുടെ പുതിയ പതിപ്പുകളാണ് ഇപ്പോൾ കൂടുതലുണ്ടാകുന്നത്. ഇന്ത്യയ്ക്കകത്തും പുറത്തും നിന്നുള്ള ക്ലാസിക്കുകളുടെ വിവർത്തനങ്ങളും പുനരാഖ്യാനങ്ങളും ധാരാളം പുറത്തുവരുന്നു. പുതിയതായി ആവിർഭവിക്കുന്ന സർഗ്ഗാത്മ സാഹിത്യകൃതികളിൽ നല്ലൊരുപങ്ക് ഭൂതകാലസാഹിത്യവുമായി പാഠാന്തരബന്ധം പുലർത്തുന്നവയാണ്. മുൻകാലത്ത് നമ്മുടെ കവികൾ ഇതിവൃത്തത്തിനുവേണ്ടി പുരാണേതിഹാസങ്ങളോടുകാട്ടിയ ആധമർണ്യം സമീപകാലത്ത് ഗദ്യകഥാകാരന്മാരിലേക്ക് സംക്രമിച്ചതുപോലെയുണ്ട്. വർത്തമാനകാലജീവിതത്തെ സർഗ്ഗാത്മകമായി നേരിട്ട് അതിൽ നിന്ന് ഖനനം ചെയ്തെടുക്കുന്ന ചെനകളുടെ കുറവ് ഭൂതകാലസാഹിത്യത്തെ പുതിയവേഷങ്ങളിൽ പുനരാനയിച്ചുകൊണ്ട് നാം പരിഹരിക്കുകയാണ് ചെയ്യുന്നത്.

ഓർമ്മകൾ സർഗ്ഗാത്മകമാകുന്നത് വർത്തമാനകാലത്തിന്റെ പ്രതിസന്ധികളെ നേരിടാൻ ഭൂതകാലാവബോധം ഉപയുക്തമാകുമ്പോഴാണ്. ഇന്നിന്റെ പ്രശ്നങ്ങൾ രൂക്ഷവും സങ്കീർണ്ണവുമാകുമ്പോൾ അതിനെ നിർദ്ധാരണം ചെയ്യാൻ ഭൂതകാലാനുഭവം സഹായകമാകേണ്ടതാണ്. എന്നാൽ നമുക്കുചുറ്റും ഇന്നു കാണുന്നത് അതല്ല, വർത്തമാനകാലത്തിന്റെ പ്രശ്നങ്ങളെയും സംഘർഷങ്ങളെയും മൂടിവെയ്ക്കാൻ ഭൂതകാലത്തെ പുകമറയാക്കുന്ന തന്ത്രമാണ്. അതാണ് ഇന്നിന്റെ ദുരന്തം. അതിനെ നേരിടുക എന്നതാണ് സ്വന്തം കാലത്തോടു സത്യസന്ധത പുലർത്തുന്ന മനസ്സുകളുടെ ധർമ്മം. ◆

## വനിതാസെൽ രൂപീകരിച്ചു



ശാസ്താംകോട്ട ഡി.ബി.കോളജിലെ എ.കെ.പി.സി.ടി.എ വനിതാസെല്ലിന്റെ ഉദ്ഘാടനം വനിതാസെൽ സംസ്ഥാനകൺവീനർ പ്രൊഫ: ലളിതാഭായി നിർവഹിച്ചു. സെൽ യൂണിറ്റ് കൺവീനർ പ്രൊഫ.ലൈലാഗംഗാധരൻ, ബ്രാഞ്ച് പ്രസിഡന്റ് ഡോ. കെ.സദാശിവൻ യൂണിറ്റ് സെക്രട്ടറി കെ.വി.ബോധാനന്ദൻ ജില്ലാ കൗൺസിലർ പ്രൊഫ. ആർ.രാധാകൃഷ്ണപിള്ള പ്രൊഫ.വി ജയകുമാരി എന്നിവർ സംസാരിച്ചു.

## കൗൺസിൽ തെരഞ്ഞെടുപ്പ്

പരുമല ദേവസ്വംബോർഡ് പമ്പാകോളജിൽ നടന്ന കൗൺസിൽ തെരഞ്ഞെടുപ്പിൽ A.K.P.C.T.A സ്ഥാനാർത്ഥികളായ ശ്രീ.കെ.ആർ സോമനാഥപിള്ള, ശ്രീ.ബി. ഹരിലാൽ, ശ്രീമതി.കെ.കൃഷ്ണകുമാരിയമ്മ എന്നിവർ വൻഭൂരിപക്ഷത്തോടെ വിജയിച്ചു.

## പഞ്ചായത്ത് തെരഞ്ഞെടുപ്പ്

ഇക്കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശൂരനട് സൗത്തിൽ നിന്നും എ.കെ.പി.സി.ടി.എ ജില്ലാ വൈസ്പ്രസിഡന്റ് എൻ. കേശവചന്ദ്രൻ നായരും പടിഞ്ഞാറെകല്ലട ഗ്രാമപഞ്ചായത്തിലേക്ക് District Council Member ഡോ. സി. ഉണ്ണികൃഷ്ണനും തെരഞ്ഞെടുക്കപ്പെട്ടു.

വിജയികൾക്ക്
എ.കെ.പി.സി.ടി.എ യുടെ
ആശംസകൾ.

# എ.കെ.പി.സി.ടി.എ. സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ

## ഫെബ്രുവരി 16,17,18

## പ്രകടനം 17ന്

എ.കെ.പി.സി.ടി.എ 43-ാം സംസ്ഥാന സമ്മേളനം ഫെബ്രുവരി 16,17,18 തീയതികളിൽ ആലപ്പുഴയിൽ നടക്കും. സമ്മേളനം വിജയിപ്പിക്കാനായി വിപുലമായ സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങി. ഡിസംബർ 30നു ചേർന്ന സംസ്ഥാനകമ്മിറ്റിയും, ജനുവരി 6 ന് ചേർന്ന പ്രവർത്തകസമിതിയും 7നുകൂടിയ സംസ്ഥാനകൗൺസിലും സമ്മേളനം വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകാൻ എല്ലാ എ.കെ.പി.സി.ടി.എ. അംഗങ്ങളോടും അഭ്യർത്ഥിച്ചു.

### ബ്രാഞ്ചുകളിൽ

സമ്മേളനസന്ദേശം വിളിച്ചറിയിക്കുന്ന ബോർഡുകളും ബാനറുകളും കോളജുകളിൽ സ്ഥാപിക്കുക, ചുവരെഴുത്തുകളും വേണം.

### ശക്തി പ്രകടനം : ഫെബ്രുവരി 17ന്

ഫെബ്രുവരി 17ന് കോളജധ്യാപകരുടെ ശക്തിപ്രകടനം ആലപ്പുഴയിൽ നടക്കും. ഓരോ ബ്രാഞ്ചും ഇപ്പോഴേ വാഹനം ബുക്കുചെയ്യുക. ഫെബ്രുവരി 17ന് രാവിലെ 10 മണിക്ക് സമ്മേളനം നടക്കുന്ന ടൗൺഹാളിൽ അധ്യാപകർ എത്തിച്ചേരണം.

### വിദ്യാർത്ഥികൾക്ക് സാഹിത്യമത്സരം

സമ്മേളനത്തോടനുബന്ധിച്ച് കോളജ് വിദ്യാർത്ഥികൾക്ക് സാഹിത്യമത്സരം സംഘടിപ്പിക്കുന്നുണ്ട്. കഥ, കവിത, ലേഖനം എന്നിവയിലാണ് മത്സരം. ഒന്നും രണ്ടും സമ്മാനം നേടുന്നവർക്ക് യഥാക്രമം 1000 രൂപയും 500 രൂപയും സമ്മാനമായി നല്കും.
കഥയ്ക്കും കവിതയ്ക്കും പ്രത്യേക വിഷയം നിർദ്ദേശിക്കുന്നില്ല.
'ആഗോളവൽക്കരണത്തിന്റെ പ്രശ്നങ്ങൾ വിദ്യാഭ്യാസരംഗത്ത്' എന്നതാണ്
ലേഖനവിഷയം. ലേഖനം ഫുൾസ്കാപ്പ് 10 പേജിൽ കവിയാൻ പാടില്ല. ലേഖനം/കഥ/
കവിതയോടൊപ്പം പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം. സൃഷ്ടികൾ 2001
ഫെബ്രുവരി 10ന് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം: പ്രൊഫ. എം.എം.
തോമസ്, ബിഷപ്പ്മൂർ കോളെജ്, മാവേലിക്കര, ആലപ്പുഴ ജില്ല.

വി.എൻ. മുരളി
ജനറൽസെക്രട്ടറി

POEM

# In-Memoriam

LATHA SAKHYA
*Dept.of English, Marthoma College for Women, Perumbavoor*

Strains of a once familiar song,
Lapping on the shores of my memory.
Tantalised and teased me to pursue
Its haunting, yet evading, elusive lines.

In hot pursuit I crashed
Through the labyrinthine maze of my mind,
Stacked high with neatly packed caskets
Containing variegated experiences of my life.

In varied colours and shapes
The gazing memory caskets mocked me.
For, in the haste of living I had forgotten
To label them neatly for future reference.

The glazed, blank look of the unlabelled caskets
Unnerved me with their still icy silence.
I had forgotten the contents of most of them;
And an urge to open and reminisce mastered me.

But I deliberately ignored that wanton desire,
My soul's undivided aim to trace the contents
Of that familiar song haunting me relentlessly,
Coerced my mind to reveal the recurring melody.

The intense quest of my soul seared and scorched me;
My agonised being vibrated with the mounting tempo
Of the reverberating echoes of haunting music,
And in a blue flash of light I swa YOU framed in my inner eyes.

Like a roaring wave from an alien shore,
The Lydian measure came rushing to my ears-
The aria celebrating our idyllic friendship,
For a brief span of ten years.

The recaptured song, from the sea of oblivion
Created by the sick hurry, and fret of living;
Flooded and environed my being with your memories,
Fluttering like homing pigeons.

Our friendship transcended the earthly barriers,
As if we had been friends for aeons.
Our shared thoughts, feelings, attitudes, experiences,
And our identical visions of life strengthened our bond.

Yet you lived in a sublime plain;
Your faith and absolute trust in God
Made you a source of inspiration,
To all who came into close contact with you.

A unique incarnation of love,
You accepted, forgave and patiently bore
Uncomplainingly, the undeseving yoke in your life-
A real model of human virtues.

Oft I had enjoyed your care and concern;
Your loving presence and letters of consolation,
Had often restored my bruised and injured soul,
Wafting me to serene shores of peace and happiness.

You had bowed helplessly to your fate,
When the relentless Reaper brought to nought-
Your hard won spiritual and earthly honours,
Destroying forever your intense desire to live.

Unreconciled to the reality of loss, I see you
Immaculately dressed in starched saree, hurrying to your classes
With an arm-load of books. And your bespectacled eyes,
Dancing and smiling greetings to your friends and students.

I see you again immersed in your post-doctoral studies,
And guiding your students, or bustling about
Attending to your never ending chores
As wife, daughter-in-law, friend and teacher.

All these images instil in me a fond hope-
The hope of meeting you soon.... as though
I need only put aside my daily chores
And make a surprise visit as in yester years. ◆

# വെള്ളിത്തിരയിൽ ജീവിക്കുന്നതെങ്ങനെ?

**അജയപുരം ജ്യോതിഷ്കുമാർ**
വി.ടി.എം.എൻ.എസ്.എസ് കോളേജ്
ധനുവച്ചപുരം

കലാകാരന്റെ ആത്മസംഘർഷങ്ങളിലേക്കും വ്യക്തി എന്ന നിലയിൽ അവൻ അനുഭവിക്കുന്ന ഗൗരവപ്രതിസന്ധികളിലേക്കും സൂക്ഷ്മമായി കണ്ണോടിക്കുന്ന ചലച്ചിത്രമാണ് ഷാജി എൻ.കരുണിന്റെ 'വാനപ്രസ്ഥം'. കലാത്മകതയും ഹൃദയദ്രവീകരണക്ഷമതയും ഒത്തിണങ്ങുന്ന ഷാജി ചിത്രങ്ങളുടെ കൂട്ടത്തിൽ കൂടുതൽ തലപ്പൊക്കം വാനപ്രസ്ഥത്തിനുണ്ട്. ബന്ധങ്ങളുടെ സുതാര്യതയിൽ അഗാധതയും വിദൂരതയും ഒരേസമയം ഈ ചിത്രത്തിലൂടെ ഷാജി കൈകാര്യം ചെയ്യുന്നു. സാങ്കേതിക മേന്മയിൽ ദൃശ്യബിംബങ്ങളുടെ സമൃദ്ധിയും തിരക്കഥയുടെ കെട്ടുറപ്പും ഈ ചിത്രത്തെ സൗന്ദര്യത്തിന്റെ ഉന്നതവിതാനങ്ങളിലേക്കുയർത്തുന്നു. അതേസമയം ഒരൊറ്റ മനുഷ്യന്റെ ജീവിതഗതിയെ കേന്ദ്രീകരിച്ചുള്ള ചിത്രമാകയാൽ ആ വ്യക്തിയുടെ വേഷമെടുത്ത നടന് ചിത്രത്തിൽ പ്രത്യേക പ്രാധാന്യം കല്പിക്കേണ്ടതുമുണ്ട്. വാനപ്രസ്ഥത്തിലെ പ്രധാന നടനെന്ന നിലയിൽ നിരീക്ഷിക്കുമ്പോഴാണ് മോഹൻലാലിന്റെ അഭിനയസിദ്ധികൾ നമ്മെ വിസ്മയിപ്പിക്കുന്നത്.

ജൻമസിദ്ധമായ പ്രതിഭയും അനായാസമായ അംഗചലനവും അവസരോചിതമായ ഭാവവ്യതിയാനങ്ങളുമാണ് മോഹൻലാൽ എന്ന നടന്റെ പ്രത്യേകതകൾ. കലാസിനിമ ജനപ്രിയ സിനിമാ സംവിധായകരുടെ ചിത്രങ്ങളിലായി പല മുഖങ്ങൾ കാഴ്ചവെച്ചിട്ടുള്ള ഈ നടന്റെ അഭിനയത്തിന് അസാമാന്യമായ വ്യാപ്തിയുണ്ട്. പരിമിതികൾ കൈവിടുന്ന അഭിനയത്തികവാണ് പല വേഷങ്ങളും വെളിച്ചത്തു കൊണ്ടുവരുന്നത്. സത്യൻ അന്തിക്കാടിനുവേണ്ടി അവതരിപ്പിച്ച ശരാശരി തൊഴിൽ രഹിതയുവാവു മുതൽ അരവിന്ദന്റെ 'വാസ്തുഹാര'യിലെ വേണു വരെയുള്ള കഥാപാത്രങ്ങളിലൂടെ കടന്നുപോയാലറിയാം ആ പ്രതിഭയുടെ പ്രതിനിധാനവ്യതിയാനം. പ്രേക്ഷകനിൽ കരുണരസം നിറയ്ക്കുന്ന കിരീടത്തിലെ സേതുവും (സിബിമലയിൽ) ഫാസിൽ, പ്രിയദർശൻ, ഐ.വി.ശശി തുടങ്ങിയ സംവിധായകരുടെ ചിത്രങ്ങളിലെ കോമാളി തട്ടുപൊളിപ്പൻ താന്തോന്നി കാല്പനിക നായകൻമാരും ഒരാൾ ചെയ്ത വേഷങ്ങളാണെന്ന് തിരിച്ചറിയാൻ ശ്രമിക്കുമ്പോഴും അറിയാം ആ പ്രതിഭയുടെ വലിപ്പം. ആർ. സുകുമാരൻ, ഭരതൻ തുടങ്ങിയ മികച്ച സംവിധായകരുടെ ചിത്രങ്ങളിലും മോഹൻലാൽ കാഴ്ചവെച്ച പ്രകടനം കാണികളെ വിസ്മയഭരിതരാക്കുംവിധത്തിലുള്ളതാണ്.

നൃത്തവും സംഗീതവുമെല്ലാം ഈ കലാകാരനു വഴങ്ങും. അർപ്പണ മനോഭാവമാണ് ഒരു കലാകാരന്റെ അടിസ്ഥാന ഗുണം. അത് മോഹൻലാലിന് വേണ്ടുവോളമുണ്ട്. പിന്നെ നിഷ്കപടമായ ആത്മാർത്ഥതയും. രംഗാവിഷ്ക്കാരത്തിന് പ്രയാസമേറിയ അഭിനയമുഹൂർത്തങ്ങൾ അഭിനയിക്കുന്നതു മുതൽ പണം മുടക്കി ചിത്രം നിർമ്മിക്കാൻ കാട്ടുന്ന താല്പര്യം വരെ ആ കലോപാസകന്റെ സ്വഭാവസവിശേഷതയാണ്. മോഹൻലാലിന്റെ ഇതുവരെയുള്ള അഭിനയ ജീവിതത്തിലെ ഏറ്റവും പ്രകാശമാനമായ വേഷമാണ് 'വാനപ്രസ്ഥ'ത്തിലെ 'കുഞ്ഞുകുട്ടൻ'. ഒരു നടൻ യഥാർത്ഥ നടനായി വെള്ളിത്തിരയിൽ ജീവിക്കുകയായിരുന്നു, അവിടെ. മോഹൻലാൽ എന്ന നടന്റെ 'പരകായപ്രവേശ'മാണ് കുഞ്ഞുകുട്ടനിൽ നാം കാണുന്നത്. ഒരു നടന്റെ അഭിനയശേഷി പ്രതിഫലിപ്പിക്കാൻ കഥകളി വേഷത്തിനപ്പുറം ഒരു വേഷമില്ല. കേരളീയ നൃത്ത കലകളുടെ സമഗ്രസൗന്ദര്യസത്തയും ആവിഷ്ക്കരിച്ചിട്ടുള്ള കലയാണല്ലോ കഥകളി. വാചികമൊഴിച്ചുള്ള ത്രിവിധമായ അഭിനയസമ്പ്രദായങ്ങളും, കൈമുദ്രകളിലെ വാചാലതയും, മനോധർമ്മത്തിലെ അന്തഃസാരവുമെല്ലാം ഇണങ്ങുന്ന കഥകളി വേഷം അരങ്ങിലേറാൻ വർഷങ്ങൾ നീളുന്ന പരിശീലനവും പരിചയവും ആവശ്യമുണ്ട്. ഒരു ചലച്ചിത്രനടനെ സംബന്ധിച്ച് കഥകളി വേഷം കെട്ടി അഭിനയിക്കുക എന്നത് തികച്ചും വെല്ലുവിളിയാണ്. മോഹൻലാൽ ആ വെല്ലുവിളി സ്വയം ഏറ്റെടുത്തു. 'വാനപ്രസ്ഥ'ത്തിലെ കുഞ്ഞുകുട്ടൻ എന്ന കഥകളി നടനായി അദ്ദേഹം പകർന്നാടി. ആ അഭിനയത്തികവു കണ്ട് വിസ്മയം പൂണ്ട കഥകളി

ആചാര്യൻമാർ മോഹൻലാലിനെ അഭിനന്ദിച്ചു. തങ്ങളുടെ അഭിനയാനുഭവങ്ങളും ജീവിതാനുഭവങ്ങളും തൻമയത്വത്തോടെ അരങ്ങിലെത്തിച്ചതുകണ്ടാണ് ആ ഗുരുഭൂതൻമാർ ഈ നടനെ അകമഴിഞ്ഞഭിനന്ദിച്ചത്.

ജീവിതത്തിന്റെ അരങ്ങിൽ തിളങ്ങാതെ പോയ നടനാണ് കുഞ്ഞുകുട്ടൻ. കഥകളിയരങ്ങിൽ പല വേഷങ്ങളും അയാൾ കെട്ടിയാടി. സ്ത്രീ വേഷങ്ങളുടെയും സാധാരണ വേഷങ്ങളുടെയും ഇടയിൽ നിന്ന് അർജ്ജുന വേഷമെന്ന അംഗീകാരമുദ്രയിലേയ്ക്ക് ആ നടൻ വളരെ വേഗം എത്തി. അർജ്ജുനന്റെ ക്ഷാത്രതേജസ്സും രാജസഭാവങ്ങളും കുഞ്ഞുകുട്ടനിൽ വിസ്മയഭരിതമായി നിറഞ്ഞുമിന്നി. ദിവാന്റെ മകൾ സുഭദ്ര കുഞ്ഞുകുട്ടന്റെ അർജ്ജുന വേഷത്തിൽ മനസ്സുടക്കിയ സുന്ദരിയാണ്. പക്ഷേ ആ വേഷത്തിനുള്ളിലെ കുഞ്ഞുകുട്ടൻ എന്ന സ്നേഹാർത്ഥിയെ അവൾ കണ്ടതുമില്ല. ബാല്യം മുതലേ അവഗണന അനുഭവിച്ചുവരുന്ന കുഞ്ഞുകുട്ടന് സ്വന്തം അച്ഛനാരെന്നു പോലും അറിയില്ല. അറിയാവുന്ന മകനെ സ്വന്തമാക്കാനും അയാൾക്കു സാധിക്കുന്നില്ല. അർജ്ജുനനെ പ്രാപിച്ച് ഗർഭിണിയായ സുഭദ്ര വേഷമില്ലാത്ത അർജ്ജുനനെ അംഗീകരിക്കുന്നില്ല. അവൾ 'അഭിമന്യു'വിനെ വിട്ടുകൊടുക്കുന്നില്ല. സ്വന്തം വീട്ടിൽ ദാരിദ്ര്യത്തിന്റേയും ഭാര്യയുടെ ദുർമുഖത്തിന്റേയും കയ്പനുഭവിക്കുന്ന കുഞ്ഞുകുട്ടൻ സ്നേഹം കിട്ടാതെ വലയുന്നു. മകൾ മാത്രമാണ് അയാൾക്ക് കൈത്താങ്ങ്. സുഭദ്ര എഴുതിയ 'സുഭദ്രാഹരണ'ത്തിന്റെ അരങ്ങേറ്റത്തിന് കുഞ്ഞുകുട്ടന്റെ അർജ്ജുനനോടൊപ്പം സുഭദ്രയായി അഭിനയിച്ചത് മകളായിരുന്നു. അച്ഛനും മകളും ശൃംഗാരപ്പദങ്ങളാടുന്ന അവസ്ഥ! ഒരു വാശിപോലെ കുഞ്ഞുകുട്ടൻ കലാശം ചവിട്ടുകയായിരുന്നു. സുഭദ്ര വളരെ വൈകിയാണ് കുഞ്ഞുകുട്ടനിലെ മനുഷ്യനെ തിരിച്ചറിഞ്ഞത്. അവൾ സീമന്തരേഖയിൽ സിന്ദൂരമണിഞ്ഞെത്തിയപ്പോഴേയ്ക്കും ആ നടൻ ജീവിതത്തിന്റെ അരങ്ങൊഴിഞ്ഞിരുന്നു.

കലാകാരന്റെ സ്വഭാവിക ദൗർബല്യങ്ങളെല്ലാം കുഞ്ഞുകുട്ടനുണ്ടായിരുന്നു. സുഹൃത്തായ കഥകളി ഗായകന്റെ രോഗവും ഗുരുവിന്റെ തളർവാതവും അയാളിലെ മനുഷ്യസ്നേഹിയെ വേദനിപ്പിക്കുന്നു. അംഗീകാരങ്ങളുടെ കുത്തൊഴുക്കിനിടയിൽ കലാകാരന്റെ ദാരിദ്ര്യത്തെക്കുറിച്ച് അയാൾ വിളിച്ചുപറയുന്നുണ്ട്. ഏതു കലാകാരന്റെയും ജീവിതത്തിലെ കറുപ്പും വെളുപ്പും കലർന്ന അനുഭവങ്ങളുടെ ആകെ തുകയാണ് കുഞ്ഞുകുട്ടനിൽ കാണുന്നത്. കുഞ്ഞുകുട്ടന്റെ അവസ്ഥാന്തരങ്ങൾ തൻമയത്വത്തോടെ അഭിനയിച്ചു ഫലിപ്പിക്കാൻ ലാലിനോളം കരുത്ത് മലയാളത്തിലെ മറ്റൊരു നടനില്ല. നിസ്സംഗതയും നിരാശയും ദൈന്യവും നിരാലംബതയും ആ മുഖത്ത് മിന്നിമറയുകയാണ്. ഭാവാവിഷ്ക്കാരത്തിന്റെ ചലനാത്മകദൃശ്യങ്ങൾ മാറിമാറി വരികയാണ്. കത്തിയും, താടിയും, സ്ത്രീവേഷവുമൊക്കെയായി അരങ്ങിലെത്തുമ്പോൾ എല്ലാം തികഞ്ഞ കഥകളിക്കാരനും കിരീടവും വേഷവുമഴിച്ചു മാറ്റുമ്പോൾ ദുർബലനായ ഒരു മനുഷ്യനുമായിത്തീരുന്ന കുഞ്ഞുകുട്ടനായി വെള്ളിത്തിരയിൽ ജീവിക്കുകയായിരുന്നു മോഹൻലാൽ. വാനപ്രസ്ഥത്തിലെ കഥകളിക്കാരനായ കുഞ്ഞുകുട്ടന്റെ വേഷം ഒരു കഥകളി നടൻ ചെയ്യുന്നതിനെക്കാൾ ഉചിതജ്ഞതയോടും സജീവതയോടും അവതരിപ്പിക്കാൻ മോഹൻലാലിനു കഴിഞ്ഞു. കഥകളി നടനുള്ളിലുള്ള മനുഷ്യ സ്വരൂപത്തെ അവതരിപ്പിക്കാൻ ഒരു കഥകളി നടന് സാധിക്കില്ല. യഥാർത്ഥ കഥകളി നടന്റെ അനുഭവങ്ങളും ജീവിതമുഹൂർത്തങ്ങളും മറ്റൊരു നടൻ സ്വാംശീകരിച്ച് അഭിനയിക്കുന്നതു തന്നെയാണ് സിനിമയെ സംബന്ധിച്ച് ഏറ്റവും ഫലപ്രദം.

അവാർഡുകളോ അംഗീകാരങ്ങളോ അല്ല ഒരു നടന്റെ അഭിനയ സിദ്ധി അളക്കാനുള്ള മാനദണ്ഡങ്ങൾ. അവാർഡുപ്രഖ്യാപനത്തോടനുബന്ധിച്ചുള്ള വിവാദങ്ങളും സൗന്ദര്യപ്പിണക്കങ്ങളും കണ്ണീർവാർച്ചകളും തീർത്തും ലജ്ജാവഹമാണ്. ജനപ്രിയ സിനിമയിൽ മാത്രമല്ല, മോഹൻലാൽ കൈയടിവാങ്ങുന്നത്, കലാസിനിമയുടെ ഉയരങ്ങളും കീഴടക്കാൻ ആ കലാകാരൻ സാധിക്കുന്നു. അവാർഡുകൾക്കു പിന്നിലെ രാഷ്ട്രീയതയും പക്ഷപാതവുമൊക്കെ ഏതൊരു സഹൃദയനും ഇന്നറിയാം. അതുകൊണ്ട് സ്വർണ്ണത്താമരയും കനകസിംഹാസനവുമൊന്നും കിട്ടിയില്ലെങ്കിലും കാര്യമാക്കാനൊന്നുമില്ല. മലയാളിയുടെ സിനിമാക്കാഴ്ചയിലെ ഇഷ്ടങ്ങളിലേക്ക് ഈ വലിയ നടൻ എന്നേ സിംഹാസനസ്ഥനായിക്കഴിഞ്ഞിരിക്കുന്നു. ◆

# എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികൾക്ക് വൻവിജയം

തലയോലപ്പറമ്പ് ദേവസ്വംബോർഡ് കോളജിൽ നടന്ന സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികൾ, മുഴുവൻ സീറ്റിലും, വൻഭൂരിപക്ഷത്തോടുകൂടി വിജയിച്ചു. പ്രൊഫ. ആർ.നളിനകുമാർ, ഡോ.പി.കെ. രവീന്ദ്രൻനായർ, ഡോ.കെ.പി. സജിലാൽ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

മലബാർ ക്രിസ്ത്യൻ കോളജ് കൗൺസിലിലെ രണ്ട് സ്ഥാനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ യുടെ രണ്ട് സ്ഥാനാർത്ഥികളും വിജയിച്ചു. ഫിസിക്സ് ഡിപ്പാർട്ടുമെന്റിലെ പ്രൊഫ.ടി.ആർ.സുദർശനൻ, സുവോളജി ഡിപ്പാർട്ട്മെന്റിലെ പ്രൊഫ.ഗീത മിഖായേൽ എന്നിവരാണ് ജയിച്ച സ്ഥാനാർത്ഥികൾ.

*വിജയികൾക്ക് എ.കെ.പി.സി.ടി.എ യുടെ അഭിവാദ്യങ്ങൾ അഭിനന്ദനങ്ങൾ.*

## സമരപഥങ്ങൾ

# സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും അഖിലേന്ത്യാ വ്യാപകമായി പണിമുടക്കി

ദേശീയ താല്പര്യങ്ങളും സാമ്പത്തിക സ്വാശ്രയത്വവും കാറ്റിൽപ്പറത്തി ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കുന്ന സ്വകാര്യവൽക്കരണം രാജ്യത്തേയും ജനങ്ങളേയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. രണ്ടാംഘട്ട സാമ്പത്തിക പരിഷ്ക്കരണത്തിന്റെ പേരിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തിക മേഖലകളും സ്വദേശീയ വിദേശ മുതലാളിമാർക്ക് തീറെഴുതുകയാണ്. അടിസ്ഥാന വ്യവസായങ്ങളായ ഇരുമ്പ്, ഉരുക്ക്, രാസവളം തുടങ്ങിയ മേഖലകളും റോഡ്, തുറമുഖം, വിമാനത്താവളം, വാർത്താവിനിമയം, ഊർജ്ജം തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളും ബാങ്ക്, ഇൻഷ്വറൻസ് തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങളും വിദേശമുതലാളിമാരുടെ നിയന്ത്രണത്തിലാക്കുകയാണ്. ഉപഭോഗ വസ്തുക്കളുടെ നിർമ്മാണമേഖല പൂർണമായും വിദേശ നിയന്ത്രണത്തിലായിക്കഴിഞ്ഞു. വിദേശമൂലധനത്തിന് ഈ മേഖലകളിൽ പിടിമുറുക്കാൻ സൗകര്യമൊരുക്കി നിയമഭേദഗതികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലും തൊഴിലാളികളെ അധികപ്പറ്റാക്കുകയും കൂട്ടത്തോടെ പിരിച്ചുവിടലിന് ഇരയാക്കുകയും ചെയ്യുന്നു. എല്ലാ തൊഴിൽ സംരക്ഷണനിയമങ്ങളും പൊളിച്ചെഴുതുകയാണ്. ഇറക്കുമതി ഉദാരവൽക്കരണവും കാർഷിക വിഭവങ്ങളുടെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങളും എടുത്തുമാറ്റിയതും കാർഷികമേഖലയിലെ തകർച്ചയ്ക്ക് വഴിതെളിക്കുന്നു. സ്വയം പിരിഞ്ഞുപോകൽ പദ്ധതി വ്യാപകമാണ്. ഇതിനെതിരെ ചെറുത്തു നിൽപ്പ് ശക്തമാവുകയാണ്. വൈദ്യുതി മേഖല, തുറമുഖം, ബാങ്ക്, ഇൻഷ്വറൻസ്, കാർഷിക മേഖല എന്നിവടങ്ങളിൽ ഉയർന്നു വരുന്ന വമ്പിച്ച പ്രക്ഷോഭങ്ങൾ ഇതിനുദാഹരണങ്ങളാണ്.

ലോകബാങ്കിന്റെയും നാണയനിധിയുടെയും നിർദ്ദേശങ്ങൾക്ക് കീഴടങ്ങി ക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും സേവന തുറയിൽ നിന്നും ഗവൺമെന്റ് പിൻമാറുകയാണ്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ വെട്ടിച്ചുരുക്കപ്പെടുകയാണ്. ധനക്കമ്മി ചുരുക്കുന്നതിന്റെയും ഭരണച്ചെലവ് കുറയ്ക്കുന്നതിന്റെയും പേരിൽ തസ്തിക വെട്ടിക്കുറയ്ക്കുകയും നിയമന നിരോധനം ഏർപ്പെടുത്തുകയും ചെയ്യുന്നു. ഗീതാകൃഷ്ണൻ അദ്ധ്യക്ഷനായി കേന്ദ്രഗവൺമെന്റ് നിയമിച്ച ഭരണ പരിഷ്ക്കാരകമ്മിറ്റി വകുപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനും അധികമുള്ള ജീവനക്കാരെ പിരിച്ചുവിടുന്നതിനും ശുപാർശ സമർപ്പിച്ചിരിക്കുകയാണ്. മൂന്നരലക്ഷം തസ്തികകൾ വെട്ടിക്കുറയ്ക്കണമെന്നും പൊതുമേഖലാസ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വയം പിരിഞ്ഞുപോകൽ പദ്ധതി കേന്ദ്രഗവൺമെന്റ് സർവ്വീസിലും നടപ്പിലാക്കുമെന്ന് പ്രധാനമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ നയങ്ങൾ പിന്തുണടരാൻ സംസ്ഥാന ഗവൺമെന്റുകളെ നിർബന്ധിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ കെടുതികൾക്ക് ഇരയാവുകയാണ് സംസ്ഥാന സർക്കാരുകൾ. കേന്ദ്ര നയം അപ്പാടെ അംഗീകരിക്കുന്ന സംസ്ഥാനങ്ങളും കേന്ദ്ര സാമ്പത്തിക സഹായം ലഭിക്കുന്നതിന് മറ്റു സംസ്ഥാനങ്ങളും ജീവനക്കാരുടെ എണ്ണം കുറയ്ക്കുണമെന്ന വ്യവസ്ഥ അംഗീകരിച്ച് കരാറുകളിൽ ഏർപ്പെടുകയാണ്. മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, ആസാം, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങൾ ഇത്തരം കരാറുകളിൽ ഏർപ്പെട്ടുകഴിഞ്ഞു. മഹാരാഷ്ട്ര, പഞ്ചാബ്, ഉത്തർപ്രദേശ്, ആന്ധ്ര, ഒറീസ, ബീഹാർ, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ജീവനക്കാർ കൂട്ടത്തോടെ പിരിച്ചുവിടപ്പെടുകയാണ്. ആനുകൂല്യങ്ങൾ മരവിപ്പിച്ചും സ്ഥിരംജീവനക്കാരെ പിരിച്ചുവിട്ടും തസ്തികകൾ നിർത്തലാക്കിയും താൽക്കാലിക ദിവസക്കൂലി ജീവനക്കാരെ നിയമിച്ചും സിവിൽ സർവ്വീസിനെ തകർക്കുകയാണ്. കേരളം പശ്ചിമബംഗൾ, ത്രിപുര എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് ഈ നയങ്ങൾ പിന്തുടരാതെ മാറി നിൽക്കുന്നത്. ജീവനക്കാരുടെ സേവന സ്ഥിരതയും സേവനവ്യവസ്ഥയും വൻപിച്ച ആക്രമണം നേരിടുകയാണ്. ക്ഷേമപ്രവർത്തനങ്ങൾ കൈയൊഴിയുകയും വികസനപ്രവർത്തനങ്ങൾ സ്വകാര്യമുതലാളിമാരെ ഏൽപിക്കുകയും ചെയ്യുന്ന സംസ്ഥാനസർക്കാരുകൾക്ക് സ്ഥിരം ജീവനക്കാരും അവകാശങ്ങളും അസൗകര്യമായി മാറുന്നു. അതുകൊണ്ടുതന്നെ സിവിൽ സർവ്വീസിനെതിരെയുള്ള ആക്രമണത്തിന് ശക്തി കൂടിയിരിക്കുകയാണ്. ഈ പൊതുദേശീയസാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായി സിവിൽ സർവ്വീസിനെ ശക്തിപ്പെടുത്തുന്ന നടപടികളാണ് കേരളത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഉദാരവൽക്കരണത്തിന്റെ ഭാഗമായുള്ള പുത്തൻ ഇറക്കുമതി നയങ്ങളും കേന്ദ്രവിഹിതവും ധനസഹായവും അനുവദിക്കുന്നതിൽ കേന്ദ്രഗവൺമെന്റ് വച്ചുപുലർത്തുന്ന ശത്രുതാപരമായ വിവേചനവും സൃഷ്ടിക്കുന്ന പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് കേരളത്തിൽ സാമൂഹ്യസുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതും വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും. കേരളത്തിൽ സിവിൽ സർവ്വീസിനെ സംരക്ഷിച്ചുകൊണ്ടു മാത്രമേ കേരളത്തിന്റെ ഇന്നത്തെ നേട്ടങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. അതുകൊണ്ടുതന്നെ കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കെതിരെയുള്ള പ്രക്ഷോഭം സംസ്ഥാനജീവനക്കാരുടെയും അധ്യാപകരുടെയും അടിയന്തിര കടമയായി മാറിയിരിക്കുന്നു.

സ്വകാര്യവൽക്കരണ നടപടികളുടെ ദുരന്തഫലങ്ങൾ ഈ പരിഷ്കാരങ്ങളുടെ പുനഃപരിശോധന ലോകരാജ്യങ്ങളെ നിർബ്ബന്ധിതമാക്കുന്ന സാഹചര്യത്തിലാണ് ഇന്ത്യാഗവൺമെന്റും വിവിധ സംസ്ഥാനഗവൺമെന്റുകളും വിനാശകരമായ ഈ നയം ശക്തിയോടെ അടിച്ചേൽപ്പിക്കുന്നത്. ഈ നയങ്ങളെ ചെറുത്ത് പരാജയപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭസമരങ്ങളുടെ ഭാഗമായി സംസ്ഥാനജീവനക്കാരും അധ്യാപകരും 2001 ജനുവരി 10 ന് പണിമുടക്കി. ബഹുഭൂരിപക്ഷം സ്വകാര്യ കോളജധ്യാപകരും പണിമുടക്കിൽ പങ്കെടുത്തു. ◆

## കറൻറ് ബുക്സ് തൃശൂർ

റൗണ്ട്‌വെസ്റ്റ്, തൃശൂർ – 680 001

Ph: 0487-335660

## കോസ്മോ ബുക്സ്

റൗണ്ട്‌വെസ്റ്റ്, തൃശൂർ – 680 001

Ph: 0487-335292, Fax: 0487-335642

E mail-cosmoboo@md3.vsnl.net.in

ബ്രാഞ്ചുകൾ

### കോഴിക്കോട്

കിളിപ്പറമ്പ് ടെമ്പിൾ റോഡ്,

റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്

Ph: 0495-703487

Fax: 0495-700049

### എറണാകുളം

പ്രസ്സ് ക്ലബ്ബ് റോഡ്

Ph: 0484-353818

*We are the largest Library Suppliers in South India*

**PUBLISHERS & DISTRIBUTORS FOR**

- Malayalam • English
- Children's Literature
- Fiction • Poetry
- Drama • Cinema
- Philosophy
- Psychology
- Sociology • Politics
- History • Economics
- Library Science
- Journalism
- Commerce
- Mathematics
- Physics • Chemistry
- Botony • Zoology
- Computer Science
- Engineering
- Electronics
- Mechanical Engineering
- Chemical Engineering
- Civil Engineering
- Medical Books
- Veterinary Science
- Agriculture Science
- Aquaculture
- Law etc. etc

# AIFUCTO NEWS


The All India Federation of University and College Teachers' Organisations held a massive rally "March to Parliament" in New Delhi on December 12. 2000.

The March was to protest against the inordinate delay on the part of the Central government in implementing demands which were agreed upon by the government earlier. About 16,000 teachers across the country took part in the rally. After the rally a delegation met Lok Sabha Speaker G.M.C. Balayogi and urged for immediate implementation of demands.

# കോട്ടയം-ഇടുക്കി ജില്ലാ പ്രവർത്തകക്യാമ്പ്

ഉന്നത വിദ്യാഭ്യാസരംഗത്തെ അനീതികൾക്കെതിരെ സംഘടനയെ പോർച്ചട്ടയണിയിക്കുന്നതിനും സ്വയം സജ്ജരാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി എ.കെ.പി.സി.ടി.എ കോട്ടയം ഇടുക്കി ജില്ലാ ഏകദിന പ്രവർത്തകക്യാമ്പ് 2000 ഡിസംബർ 9 ശനിയാഴ്ച തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിൽ വച്ച് നടന്നു.

രാവിലെ 9.45 ന് ജില്ലാ പ്രസിഡന്റ് പ്രൊഫ.ജയിംസ് ഫിലിപ്പ് പതാകയുയർത്തിയതോടെ കാര്യപരിപാടികൾ ആരംഭിച്ചു. ക്യാമ്പിന്റെ ഔപചാരികമായ ഉദ്ഘാടനം എ.കെ.പി.സി.ടി.എ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. കെ.സദാശിവൻനായർ നിർവഹിച്ചു. സ്വകാര്യകോളജ് അധ്യാപകരെ അഭിമാനബോധമുള്ള സംഘശക്തിയാക്കി വളർത്തിയെടുത്ത ഈ മഹാപ്രസ്ഥാനത്തിന്റെ ഇന്നലെകളെക്കുറിച്ച് ബോധവാന്മാരാകുകയും വിദ്യാഭ്യാസ വർഗ്ഗീയവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും കെടുതികളെ തരണം ചെയ്യാൻ അധ്യാപകരെ ഒറ്റക്കെട്ടായി മുന്നേറാൻ സജ്ജരാക്കുകയും വേണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. എം.ജി.യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ.പി.ഡി. ശശിധരൻ പ്രൊഫ. ഇ.പി.മാത്യു, പ്രിൻസിപ്പൽ പ്രൊഫ.സി.രാധാകൃഷ്ണൻ എന്നിവർ ക്യാമ്പിന് ആശംസകൾ അർ




പ്പിച്ച് സംസാരിച്ചു.

11.30ന് ആരംഭിച്ച രണ്ടാം സെഷനിൽ എം.ജി യുണിവേഴ്സിററി സിൻഡിക്കേററംഗം പ്രൊഫ. കെ.പി.ദിവാകരൻനായർ സംഘടനാപ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസെടുത്തു. മുൻ തലമുറയുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളുടെ സദ്ഫലമാണ് ഇന്നിന്റെ നേട്ടങ്ങളെന്നും ആ കൂട്ടായ്മയും പാരമ്പര്യവും നമ്മൾ മറക്കരുതെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഉന്നതവിദ്യാഭ്യാസ പ്രശ്നങ്ങളെ നേരിടുന്നതിന് ലക്ഷ്യബോധമുള്ള കരുത്താർന്ന പ്രസ്ഥാനം എ.കെ.പി.സി.ടി.എ മാത്രമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഉച്ചകഴിഞ്ഞ് സർവ്വകലാശാല നിയമങ്ങളെക്കുറിച്ച് എം.ജി.യുണിവേഴ്സിറ്റി മുൻ രജിസ്ട്രാർ ഡോ. എം.സി. ചാക്കോ ക്ലാസെടുത്തു. സർവ്വകലാശാല നിയമങ്ങളിൽ കാലികമായ പൊളിച്ചെഴുത്തുകൾ ആവശ്യമാണെന്നും സമൂഹനന്മയെ ലക്ഷ്യമാക്കിയുള്ള മാറ്റങ്ങൾക്ക് എ.കെ.പി.സി.ടി.എ നേതൃത്വം നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്റർ ഡിസിപ്ലിനറി മേഖലയിൽ പഠന ഗവേഷണ സൗകര്യങ്ങൾ നടപ്പാക്കുന്നതിന് സർവ്വകലാശാല നിയമത്തിൽ വേണ്ട മാറ്റങ്ങൾ ഉടൻ വരുത്തണമെന്ന് തുടർന്ന് നടന്ന ചർച്ചയിൽ പൊതുവായ നിർദ്ദേശമുണ്ടായി. വിവിധ കോളജുകളിൽ നിന്നായി 85 പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു. 4.30 ന് ക്യാമ്പ് അവസാനിച്ചു.

*തയ്യാറാക്കിയത്*

പ്രൊഫ.പി.പി.ചന്ദ്രശേഖരപിള്ള (ജനറൽ കൺവീനർ)

# മേയർക്കും സിൻഡിക്കേറ്റംഗത്തിനും ചെമ്പഴന്തി കോളജിൽ സ്വീകരണം




തിരുവനന്തപുരം മേയർ പ്രൊഫ. ജെ. ചന്ദ്രയ്ക്ക് കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗം പ്രൊഫ. മോഹൻ കുമാറിനും ചെമ്പഴന്തി ശ്രീനാരായണ കോളജ് എ.കെ.പി.സി.ടി.എ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഊഷ്മളമായ സ്വീകരണം നൽകി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. റ്റി. എൻ. മനോഹരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ. കെ. ജി. വേണുഗോപാൽ, ശ്രീമതി. എൻ. പി. ചന്ദ്രലേഖാദേവി എന്നിവർ ആശംസകൾ അർപ്പിച്ചു. സെക്രട്ടറി ഡോ. സുരേഷ് ജ്ഞാനേശ്വരൻ സ്വാഗതവും ശ്രീ. കെ. യശോധരൻ കൃതജ്ഞതയും പറഞ്ഞു. ◆

# പാലക്കാട് ജില്ലാ പ്രവർത്തക ക്യാമ്പ്

എ.കെ.പി.സി.ടി.എ സംസ്ഥാന പ്രവർത്തകസമിതി തീരുമാന പ്രകാരം 4-11-2000 ശനിയാഴ്ച ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മണ്ണാർക്കാട് എം.ഇ.എസ് കോളജിൽവച്ച് പ്രവർത്തക ക്യാമ്പ് നടത്തി. 'ആഗോളവൽക്കരണത്തിൽ, ട്രേഡ് യൂണിയനുകളുടെ പ്രസക്തി' എന്ന വിഷയത്തെ ആസ്പദമാക്കി, അധ്യാപകന്റെ സമൂഹത്തോടുള്ള ഉത്തരവാദിത്വം, നിറവേറ്റേണ്ടതിന്റെ ആവശ്യം, പാലക്കാട് ജില്ല സി.ഐ.ടി.യും, ജോ. സെക്രട്ടറി അഡ്വ.എം.എസ്. സ്കറിയ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഊന്നി പറഞ്ഞു. ജില്ലാ സെക്രട്ടറി പ്രൊഫ. ഡി.മുരളീധരൻ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് പ്രൊഫ. എ.ടി.ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോട് സർവ്വകലാശാല മേഖലാ സെക്രട്ടറി പ്രൊഫസർ എ. ശിവരാമൻ സംസ്ഥാന ട്രഷറർ പ്രൊഫ.കെ.ശശിധരൻ, എം.ഇ.എസ്.കോളജ് പ്രിൻസിപ്പൽ പ്രൊഫ. എം. കെ.ഫരീദ് എന്നിവർ ആശംസകളർപ്പിച്ചു.

തുടർന്ന് "സർവ്വകലാശാല നിയമങ്ങളും കോളജധ്യാപകരും" എന്ന വിഷയത്തിൽ സംഘടനയുടെ മുൻപ്രസിഡന്റും, കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് മെമ്പറുമായ പ്രൊഫ. വി.നാരായണൻകുട്ടി ക്ലാസ്സെടുത്തു. ഇന്നു നാം അനുഭവിക്കുന്ന സേവനഭദ്രത, സർവ്വകലാശാല നിയമങ്ങളിൽ വരുത്തുവാൻ സംഘടനയുടെ പ്രവർത്തനങ്ങൾ എത്രമാത്രം വേണ്ടിവന്നിരുന്നുവെന്ന്, പഴയകാല സമരങ്ങളെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വിശദീകരിച്ചു.

ഉച്ചതിരിഞ്ഞ് "സംഘടനാ പ്രവർത്തനം ഇന്നലെ, ഇന്ന്, "നാളെ" എന്ന വിഷയത്തിൽ മുൻ ജനറൽ സെക്രട്ടറി പ്രൊഫ.കെ.സദാശിവൻ നായർ സംസാരിച്ചു. 1958 ൽ പൂർണ്ണതോതിൽ രൂപം കൊണ്ട സംഘടന, പാരിറ്റിക്കു വേണ്ടി നടത്തിയ പ്രക്ഷോഭങ്ങൾ നേരിട്ട് ശമ്പളം കിട്ടുന്നതിനുവേണ്ടി 1972 ലെ സമരം, പിന്നീടു ഒരു വ്യാഴവട്ടക്കാലം യുജിസി കിട്ടുന്നതിനുവേണ്ടി നടത്തിയ സമരങ്ങൾ എന്നിവ വിശദീകരിക്കപ്പെട്ടു. 5-ാം ശമ്പള പരിഷ്ക്കരണം നടപ്പിലായെങ്കിലും ഇപ്പോഴും അധ്യാപകർക്ക് അനുവദ്യേമാകാത്തതിലുള്ള ഉത്കണ്ഠ അദ്ദേഹം രേഖപ്പെടുത്തി. മാറിയ കാലഘട്ടത്തിൽ സമൂഹത്തിനു ആവശ്യമുള്ള ആധുനിക വിഷയങ്ങൾ അധ്യാപകൻ സ്വയം പഠിച്ച് പഠിപ്പിക്കുവാൻ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ചർച്ചകളിൽ പ്രൊഫ. രാജൻ ബാബു, വാസുദേവൻപിള്ള, ജോസ്മാത്യു, ജി.പ്രകാശ്, നസീം, രാമൻകുട്ടി, സിദ്ധാർത്ഥൻ എന്നിവർ സജീവമായി ഇടപെട്ടു. ക്യാമ്പിൽ ഒരു... മേൽ അധ്യാപകർ പങ്കെടുത്തു. ◆



DR. P. S. MOHANA KUMAR

Sree Sankara College, Kalady.

## Poverty Measurement in India

As per the findings of National Sample Survey Organisation the incidence of poverty in India is only 27% in 1999-2000. But the method of estimating poverty in India is highly questionable, and the methodology adopted to determine poverty is not reliable.

In India the, sample households were selected and they were asked on how much they spent on a variety of food and non-food items (consumption basket) over a period of 7 days/30 days. It is called "recall period". The consumers have to rely on to their memory to give expenditure data regarding consumptions. The Task Force of Planning Commission defined poverty in terms of caloric intake. The calorie norms were fixed at 2435 keal per capita per diem for rural areas and 2095 keal for urban areas (rounded off to 2400 and 2100 keal respectively) One calorie is the energy required to raise one gram of water to one degree centigrade. The nutritional norms were fixed by determining the energy requirements of a reference adult with normal activity level. Since there is no fixed consumption basket the estimates based on calorie and consumption expenditure will not yield proper results. There is shift in consumption from food to non-food items, form cereal to non-cereal items over all expenditure groups, and that too from place to place. The task force method of head Count Ratio may not yield proper results in many cases. It is therefore imperative that the Planning Commission undertakes a fresh review of the methodology of poverty estimates.

## National statistical commission

The quality and reliability of the statistics generated in India is declining since the procedure of data collection does not meet appropriate standards. Hence, the government of India appointed a statistical commission headed by Dr.C.Rangarajan, the governor of Andhra Pradesh. It has been engaged in the task of making a detailed analysis of the deficiencies in our present statistical system and possible solutions to correct it. The deficiency in our statistical system is so great that even central and state governments are making 'guestimates' (not estimates) in the preparation of budget. The word 'statistics was originally meant 'for the purpose of the state', hence the state could use statistics to ascertain the objective of reality of the country. In India NSSO and CSO play a key role in the generation and dissemination of data.

## Foreign Exchange Management Act (FEMA)

FEMA came into force form June 1, 2000 and FERA stands repealed. Under FEMA, foreign exchange transactions ahve been divided into two broad categories - current account transactions and capital account transactions. Remittances of only seven types of current account transactions are prohibited under FEMA. These include remittances such as those made of winning lotteries, subscription to proscribed magazines, football, pools, sweepstakes etc. FEMA is a civil legislation. That is, the onus of proving contravention rests with the enforcement authorities and not on the person who is charged with such contravention. All current account transactions which exceed prescribed limit would require permission of RBI.

*The current account transactions limit as per FEMA are given below.*

| Purpose | Limit in US $ | Earlier limits |
|---|---|---|
| Basic Travel quota | 5000 | 3000 |
| Gift | 5000 | 1000 |
| Donation | 5000 | 1000 |
| Exployment | 5000 | 2500 |
| Emigration | 5000 | 3000 |
| Maintenance of close relative | 5000 | 5000 |

The RBI regulations under FEMA are available on its website through its hamepage as also through a special URL:www.fema.rbi.org.in. All current account transactions which are not specifically prohibited can be freely undertaken. For medical expenses and studies abroad in addition to above listed purposes no permission from RBI is needed. All they need to do is to produce the necessary documents to the authorised dealers and purchase the required foreign currency at market rate.

## Vehicle Population - Highest Germany

There are 116 motor vehicles per 1000 people all over the world. It was only 72 vehicles per 1000 ten years back. In terms of cars the figure is 91 cars per 1000 people in 1998. The upper meddle group has 173 vehicles per 1000 in 1998. Of this the car ownership is 140 per 1000 people during the same year.

Among countries in the world, in Germany every 506 persons out of 1000 own a car, while it is 488 in Australia and 483 in USA. In India every 5 out of 1000 own a passenger car. But the accident rate is one of the highest in India. There were 61 people either injured or killed for every 1000 people in India. In Malaysia, Uganda and in Central African Republic the accident rates were high

*(World Development Indicators 2000)*

# തൃശൂർ ജില്ലാ വനിതാ കൺവെൻഷൻ




എ.കെ.പി.സി.ടി.എ. തൃശൂർ ജില്ലാ വനിതാ കൺവെൻഷൻ നവംബർ മാസം 12-ാം തീയതി ശ്രീ കേരളവർമ്മകോളജിൽവെച്ച് നടന്നു. സംഘടനയുടെ സംസ്ഥാന വൈസ്പ്രസിഡണ്ടും വനിതാ സബ്കമ്മിറ്റി കൺവീനറുമായ പ്രൊഫ. എം.പി.ലളിതാഭായി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. കോളജദ്ധ്യാപകരിൽ മൂന്നിൽരണ്ടു ഭാഗത്തോളം വരുന്ന വനിതകളെ സംഘടനാ പ്രവർത്തനരംഗത്തേയ്ക്ക് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ടീച്ചർ ഊന്നിപ്പറഞ്ഞു. സമൂഹത്തിന്റെ മറ്റുമേഖലകളിലെന്നപോലെ വിദ്യാഭ്യാസ മേഖലയിലും ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ചുറ്റുപാടിൽ ഒറ്റക്കെട്ടായി നിന്നു പോരാടാൻ വനിതകൾ മുന്നോട്ടുവരണമെന്ന് ടീച്ചർ അഭ്യർത്ഥിച്ചു.

തൊഴിൽ മേഖലയിൽ വനിതകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തകയും ടെലികോം ജീവനക്കാരിയുമായ ശ്രീമതി. എ.പി. സരസ്വതി ക്ലാസ്സെടുത്തു. ജില്ലാക്കമ്മിറ്റിയംഗമായ ഡോ.പി.ഭാനുമതി അദ്ധ്യക്ഷത വഹിച്ചു. ജില്ലയിലെ വിവിധ കോളേജുകളിൽനിന്നായി നിരവധി വനിതകളും ജില്ലയിലെ പ്രമുഖപ്രവർത്തകരും കൺവെൻഷനിൽ പങ്കെടുത്തു. ശ്രീകൃഷ്ണ കോളജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപികയായ സതി ടീച്ചർ കൺവീനറായി ജില്ലാ വനിതാ സബ്കമ്മിറ്റി രൂപീകരിച്ചു. ഡോ. ഷീലാവിശ്വനാഥൻ, ആർ.ബിന്ദു, പ്രൊഫ.വിജയലക്ഷ്മി പ്രൊഫ. ടി. എ. ഉഷാകുമാരി, പ്രൊഫ.ടി. ഐ. ആനി തുടങ്ങിയവർ ചർച്ചയിൽ സജീവമായി പങ്കുകൊണ്ടു. ജില്ലാ സെക്രട്ടറി ഡോ.വി.കെ.വിജയൻ സ്വാഗതവും ജില്ലാ പ്രസിഡണ്ട് പ്രൊഫ. പോൾസൺ.സി.തോമസ് നന്ദിയും പറഞ്ഞു. ◆

# ശാസ്ത്രജാലകം

ഡോ. എം. ആർ. സുദർശനകുമാർ

രസതന്ത്രവിഭാഗം, എം. ജി. കോളജ്, തിരുവനന്തപുരം

## കഴിഞ്ഞ വർഷത്തെ പ്രധാന ശാസ്ത്രനേട്ടങ്ങൾ [1]

കഴിഞ്ഞ വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട പത്തു ശാസ്ത്രസംഭവങ്ങൾ 'സയൻസ്' മാഗസിന്റെ പത്രാധിപന്മാർ ക്രോഡീകരിക്കുകയുണ്ടായി.

### *അസ്തിത്വത്തിന്റെ അക്ഷരമാലയുടെ ചുരുളഴിയുന്നു*

മനുഷ്യന്റെ ജനിതകഘടനാ രഹസ്യം വെളിവാക്കിയ ഹ്യൂമൻ ജിനോം പ്രോജക്ടിന്റെ വിജയകരമായ പൂർത്തീകരണത്തിനാണ് ലിസ്റ്റിൽ ഒന്നാം സ്ഥാനം ലഭിച്ചത്. ശാസ്ത്രചരിത്രത്തിൽ ചന്ദ്രനിൽ കാലുകുത്തിയതിനേക്കാളും അണുവിഭജനത്തേക്കാളും മഹത്തായ നേട്ടമാണ് ഈ ജീവന്റെ പുസ്തകം കണ്ടുപിടിച്ചതിലൂടെ മനുഷ്യനു കൈവന്നിരിക്കുന്നത്.

### *റൈബോസോമിന്റെ തന്മാത്രാ ചിത്രം*

കോശങ്ങളിലെ പ്രോട്ടീൻ ഫാക്ടറിയായ റൈബോസോമിന്റെ തന്മാത്രാ ചിത്രം അനാവരണം ചെയ്യപ്പെട്ടതാണ് മറ്റൊരു പ്രധാന നേട്ടം. ജീവന്റെ ഉദ്ഭവത്തെക്കുറിച്ച് വിശദാംശങ്ങൾ നൽകുവാൻ ഇതു സഹായകമായി. റൈബോസോമിൽ രാസപ്രവർത്തനം നടക്കുന്ന ഭാഗത്ത് 'റൈബോസോമൽ RNA' മാത്രമേയുള്ളൂ. ഭൂമിയിൽ ജീവന്റെ ആരംഭം RNA (ribonucleic acid) യിൽ നിന്നാണെന്നുള്ള ആശയം ബലപ്പെടുത്തുവാൻ ഈ കണ്ടെത്തൽ സഹായകമായി.

### *ആദ്യമായി ആഫ്രിക്കയ്ക്കു വെളിയിൽ*

പതിനേഴു ലക്ഷം വർഷം പഴക്കമുള്ള മനുഷ്യതലയോടുകളുടെ ഫോസിലുകൾ ജോർജിയയിൽ കണ്ടെത്തി. ആഫ്രിക്കൻ പൈതൃകത്തിലേക്ക് വിരൽ ചൂണ്ടുന്ന ഈ തലയോടുകൾ ആദ്യമായിട്ടാണ് ആഫ്രിക്കയ്ക്കു വെളിയിലുള്ള സ്ഥലത്തുനിന്നും ലഭിക്കുന്നത്. ആഫ്രിക്കയിൽ നിന്നും വെളിയിലേക്കുള്ള മനുഷ്യപലായനം മുമ്പു കരുതിയിരുന്നതിലും നേരത്തെ നടന്നുവെന്ന് ഈ കണ്ടെത്തൽ സൂചിപ്പിക്കുന്നു.

### *പ്ലാസ്റ്റിക് ചാലകങ്ങൾ*

പ്ലാസ്റ്റിക് ചാലകങ്ങളുടെ സാങ്കേതിക ഉപയോഗം സാധ്യമായതാണ് കഴിഞ്ഞ വർഷത്തെ മറ്റൊരു നേട്ടം. രസതന്ത്രത്തിനുള്ള കഴിഞ്ഞവർഷത്തെ നൊബേൽ സമ്മാനം ഇത്തരം ചാലകങ്ങളുടെ കണ്ടുപിടിത്തത്തിനായിരുന്നു.

### *പഴയ കോശങ്ങളും പുതിയ വിദ്യകളും*

ശരീരത്തിലെ ചില ഭാഗങ്ങളിലെ പൂർണ വളർച്ചയെത്തിയ കോശങ്ങളെ വിവിധ തരത്തിലുള്ള മറ്റു കോശങ്ങളായി പുനഃസൃഷ്ടിക്കാമെന്ന് പഠനങ്ങൾ തെളിയിച്ചു. അവയവങ്ങൾ മാറ്റിവെയ്ക്കുന്ന ശസ്ത്രക്രിയകൾക്കും വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങളെ സംരക്ഷിക്കുന്നതിനും ഈ കണ്ടെത്തൽ സഹായകമാകും.

### *ചൊവ്വയിലെ നീർച്ചാലുകൾ*

ചൊവ്വഗ്രഹത്തിൽ ജലമൊഴുകിയതിന്റെ തെളിവുകൾ ശാസ്ത്രത്തിനു കിട്ടിയതും വ്യാഴത്തിന്റെ ഉപഗ്രഹമായ യൂറോപ്പയിൽ സമുദ്രമുണ്ടെന്നതിന് തെളിവു കിട്ടിയതും കഴിഞ്ഞവർഷമാണ്. ഇവിടങ്ങളിൽ ജീവനുണ്ടോ എന്ന അന്വേഷണത്തിന് പ്രചോദനം നൽകുന്ന കണ്ടെത്തലുകളാണ് ഇവ.

### *റിസപ്റ്ററുകളുടെ പങ്ക്*

ന്യൂക്ലിയർ ഹോർമോൺ റിസപ്റ്ററുകളെക്കുറിച്ച് ശാസ്ത്രജ്ഞർ നേടിയ പുതിയ അറിവുകൾ ജൈവരാസപ്രക്രിയകളെക്കുറിച്ച് കൂടുതൽ വെളിച്ചം പകർന്നു. പ്രമേഹം, അർബുദം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കും ഈ കണ്ടെത്തൽ സഹായകമാകും.

### *'ക്വാണ്ടം' വിചിത്രം!*

ഒരേ സമയം രണ്ടുസ്ഥലത്ത് കാണാൻ സാധ്യതയുള്ള ഇലക്ട്രോൺപോലുള്ള ചെറുകണങ്ങൾ മാത്രമാണ് ക്വാണ്ടംസ്വഭാവം കാണിക്കുന്നതായി കരുതിപോന്നത്. കഴിഞ്ഞ വർഷം ഈ പ്രതിഭാസം മറ്റു ചില മേഖലകളിലും കടന്നു ചെന്നു. സൂപ്പർ കണ്ടക്ടിവിറ്റി പ്രദർശിപ്പിക്കുന്ന ഒരു കമ്പിയിലൂടെ ഒരേ സമയം വൈദ്യുതി രണ്ടു ദിശയിലേക്കുമൊഴുകാം എന്നു ശാസ്ത്രജ്ഞർ കണ്ടെത്തി. ക്വാണ്ടം കമ്പ്യൂട്ടറുകൾക്കു മിന്നൽവേഗത്തിൽ സങ്കീർണമായ പ്രശ്നങ്ങൾപോലും പരിഹരിക്കാനാകും എന്നു കണ്ടെത്തിയതും ക്വാണ്ടം മെക്കാനിക്സിന് പുതിയ വെല്ലുവിളി ഉയർത്തുന്നു.

*പ്രപഞ്ച വിസ്മയം*

മൈക്രോവേവ് ഡിക്ടറ്ററുകൾ ഘടിപ്പിച്ച 'Boomerang', 'Maxima' എന്നീ ബലൂണുകളുടെ സഹായത്താൽ ആദിപ്രപഞ്ചത്തിന്റെ ഏറ്റവും വിശദമായ ചിത്രം എടുത്തതും കഴിഞ്ഞ വർഷമാണ്. പ്രപഞ്ചമുണ്ടായതെങ്ങനെയെന്ന ഇപ്പോഴത്തെ പല സിദ്ധാന്തങ്ങളും പുനർവിചിന്തനത്തിനു വിധേയമാക്കുവാനിതു കാരണമാകുമെന്നു ശാസ്ത്രജ്ഞർ കരുതുന്നു.

*ആസ്റ്ററോയിഡുമായുള്ള സല്ലാപം*[2]

Near Shoemaker ബഹിരാകാശ പേടകം "Eros" എന്ന ആസ്റ്ററോയിഡിൽ മഗ്നീഷ്യം, അലൂമിനിയം, സിലിക്കൺ, ഇരുമ്പ് എന്നീ മൂലകങ്ങളുണ്ടെന്നു കണ്ടെത്തി. ആസ്റ്ററോയിഡുകളുടെ ഉദ്ഭവത്തെക്കുറിച്ച് കൂടുതൽ അറിവു നൽകാൻ ഈ കണ്ടെത്തൽ സഹായകമാകും.

*തിരിഞ്ഞുനോക്കുമ്പോൾ* [3]

1930 മുതൽ 1939 വരെയുള്ള പ്രധാന ശാസ്ത്രസംഭവങ്ങൾ താഴെ വിവരിക്കുന്നു.

1930 Clyde Tombaugh 'പ്ലൂട്ടോ' ഗ്രഹത്തെ കണ്ടെത്തി.

Frank Whittle ടർബോജറ്റ് എൻജിൻ പേറ്റന്റു ചെയ്തു.

1931 Ernest-O-Lawrence 'സൈക്ളോട്രോൺ' എന്ന പാർട്ടിക്കിൾ ആക്സലറേറ്റർ ആദ്യമായി പ്രയോഗത്തിൽ കൊണ്ടുവന്നു.

Harold Urey ഡ്യൂട്ടേറിയം ഐസോടോപ്പ് കണ്ടു പിടിച്ചു.

1932 James Chadwick ന്യൂട്രോൺ കണത്തെ കണ്ടെത്തി.

Carl David Anderson പോസിട്രോൺ കണ്ടുപിടിച്ചതുവഴി ആദ്യമായി പ്രതിദ്രവ്യം (antimatter) ഉണ്ടെന്നു കണ്ടെത്തി.

1933 Ernst Ruska ഇലക്ട്രോൺ മൈക്രോസ്കോപ്പ് കണ്ടുപിടിച്ചു.

1934 Frederic Joliot ഉം Irene Curie യും ചേർന്ന് ആദ്യമായി കൃത്രിമ റേഡിയോ ആക്ടിവിറ്റി സൃഷ്ടിച്ചു.

Ernico Fermi യുറേനിയം ആറ്റത്തെ ന്യൂട്രോൺ പതിപ്പിച്ച് വിഭജിച്ചു.

1935 Charles F. Ritcher ഉം Beno Gutenberg ഉം ചേർന്ന് റിച്ചർ സ്കെയിൽ അവതരിപ്പിച്ചു.

Arthur Jeffrey Dempster പിന്നീട് ആറ്റംബോംബിൽ ഉപയോഗിച്ച യുറേനിയം-235 കണ്ടുപിടിച്ചു.

Rober Watson - Watt റഡാർ വികസിപ്പിച്ചു.

1936 പെട്രോളിയത്തെ വിഘടിപ്പിക്കാൻ കാറ്റലിറ്റിക് ക്രാക്കിങ് സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു.

1937 ആദ്യത്തെ കൃത്രിമ മൂലകത്തെ നിർമ്മിച്ചു (technetium)

'Chester F. Cartson 'Xerography' വികസിപ്പിച്ചെടുത്തു.

1938 'Dupont se രസതന്ത്രജ്ഞനായ Roy Plunkett 'teflon' കണ്ടുപിടിച്ചു.

Wallace Carothers നൈലോൺ വികസിപ്പിച്ചെടുത്തു.

G.S.Callendar ഭൂമിയിലെ കാർബൺഡയോക്സൈഡിന്റെ അളവ് മനുഷ്യപ്രവർത്തനംമൂലം വർദ്ധിക്കുന്നതായി സ്ഥാപിച്ചു.

1939 OttoHahn, Fritz Strassmann, Lise Meitmer, Otto Frisch എന്നീ ശാസ്ത്രജ്ഞർ യുറേനിയം ആറ്റത്തെ വിഭജിച്ച് ഊർജ്ജം സ്വതന്ത്രമാകുന്നത് വിശദീകരിച്ചു.

അറ്റ്ലാന്റിക്കിനു കുറുകെ വാണിജ്യാടിസ്ഥാനത്തിൽ പാൻ അമേരിക്കൻ കമ്പിനി വ്യോമയാനമാരംഭിച്ചു.

Igor Sikorsky ആധുനിക ഹെലികോപ്ടർ വികസിപ്പിച്ചെടുത്തു.

Paul Hermann Milleri ഡി.ഡി.റ്റി. കീടങ്ങളെ നശിപ്പിക്കുമെന്നു കണ്ടെത്തി.

***References:***


1. The Hindu, Science/Technology, 28 December, 2000. p.BS-5
2. Kerala Private College Teacher, June 2000, P.29
3. Discover, January 2000. ◆





കേരളായൂണിവേഴ്സിറ്റിയിൽ നിന്നും 'ഹോമിയോപ്പതിക്ക് മെറ്റീരിയ മെഡിക്ക'യിൽ എം.ഡി.ബിരുദം നേടിയ ഡോ.മാത്യു ജോൺ ചോററാനിക്കര ഡോ. പടിയാർ ഹോമിയോപ്പതിക് മെഡിക്കൽ കോളജ് അധ്യാപകനാണ്. കോളജിലെ എ.കെ.പി.സി.റ്റി.എ അക്കാദമിക് കമ്മിറ്റി കൺവീനറുമാണ്.

**അനുമോദനങ്ങൾ... ആശംസകൾ...**

V.JAYAKUMAR

*Dept. of Physical Education,*
*N.SS. College for Women, Karamana*

## So we got a World Champion!

Few Indians have dominated International Sports arena as Viswanathan Anand as done. He has the distinction of being single handedly responsible for putting chess on the sportsmap of India, and for making India's contribution at International level a significant one. No praise will match him as he is the first Indian and Asian to win a World Championship in chess. In Tehran he won the final amtch against Alexi Shirov - the shortest one in the history of World Chess Championship final.

Every game sometimes throws up a player who is truly incomparable. Though the Tehran Championship was not so challenging as Boris Spassky - Bobby Fisher ecounter in Iceland 1972. Anand earned the distinction of being the second non Russian after Fisher to win the title since 1948.

The invention of chess has been attributed to Indians. It is Indian war game 'Chathuranga' exported to Persia as 'Shathranj' which later turned into chess. Thus Viswanathan Anand brought the World Championship to its home land.

## FITNESS:
## Stress and Work

It is claimed that stress may be commoner now a days as a result of increasing dynamism of modern life. Being healthy means having a sense of wellbeing, characterised a constantly high level of energy, emotional balance and ability to cope with stress. Stress results from a perceived imbalance between demands made on an individual, including self imposed ones, and the personal and environmental resources available to meet those demands.

Stress can therefore result from an undemanding environment, in addition to an over demanding one. The stress is induced by pressure at work, traffic jams, financial problems, family rows, exams or even watching a thrilling match or movie. When these events are unpredictable, unfamiliar of great magnitude or impelling, the outcome is stress.

It is crucially important to recognise the symptoms of stress at work as early as possible so that appropriate action can be taken. The early signs can be divided into mental, physical and behavioural. Mental signs include reduced concentration, more mistakes at work, forgetfulness, impaired judgement, depression, becoming anxious and loss of self esteem. Physical signs may be cardio vascular changes, appititeloss, sleeplessness, aches and pains, digestive problems and sweating. Normal behavioural changes are becoming less interested in work, loss of temper impaired judgement, changes in personal and work habits, increases in smoking, drinking and aggresiveness. What stress reduction activities can be adopted to cope with stress is subjective to the individual aspects of personality and behavioural type. Yet sleep, relaxation, recreation, spirituality, time management, communication, working relationships, team building and exercise are stress bursting tools. Stress is a serious health problem susceptible to modification by appropriate action.

## Turn your walk into a health workout:

Walking is one of the popular forms of Physical exercise. Its low impact is a better way of burning fat than running for most people because they can keep it up for much longer. But walking should be with correct technique and at right intensity to raise your heart rate and burn fat and this has a beneficial effect on the musculoskeletal system.

*Here are some tips for proper walking.*


* Hold your body straight as possible, carry your body well and relaxed, suck your stomach in and walk tall.
* Keep your elbows close to your body. With each step, the arm opposite your forward foot goes straight back. Dont pump your arms too high in the air.
* Strike the ground first with your heel, with your ankle flexed. Roll through your step from heel to toe and push off with your toe.
* Dont over stride taking longer steps in front of your body. Your stride should be longer behind your body, where your toe is pushing off, rather than out in front. Take smaller steps and increase the number of steps.
* Try to do your usual route in a shorter time. Start one kilometer with 15 minutes. Over six weeks aim to improve your speed so as to do it in 10 minutes. Choose a route that includes ascent terrain. It raises your heart rate, which burns more calories ◆

## എ.കെ.പി.സിടി.എ.ക്ക് എതിരില്ല

ചേർത്തല ശ്രീനാരായണകോളജിൽ നടന്ന കോളജ് കൗൺസിൽ തെരഞ്ഞെടുപ്പിൽ A.K.P.C.T.A സ്ഥാനാർത്ഥികളായ ശ്രീ. ഒ.എസ്. സഞ്ജീവ്, ഡോ. ടി. പ്രദീപ് എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

**അനുമോദനങ്ങൾ... ആശംസകൾ...**

## e l e c t e d



Prof. Varghese Vaidyan P., was elected as the District Governor of Lions Clubs International, District 324 E2 (North Kerala).

He has also served as the state President of Kerala Jaycees in 1991 and National Vice President of Indian Jaycees in 1994.

He is working in the Dept. of Chemistry ST: Mary's College, Sulthan Bathery, Since 1979.

**congratulations**

## ഒന്നാം റാങ്ക്



കോഴിക്കോട് സർവ്വകലാശാലയുടെ എം. എ. ഇംഗ്ലീഷ് പരീക്ഷയിൽ ഒന്നാം റാങ്കുനേടിയ ബി. എസ്. ബിനി, തൃശൂർ എൻജിനീയറിങ്ങ് കോളജിലെ റിട്ട.പ്രഫസർ വി.ബാബുവിന്റെയും നാട്ടിക എസ്. എൻ.കോളജിലെ ബോട്ടണി അദ്ധ്യാപികയും എ.കെ.പി.സി.ടി.എ. അംഗവുമായ പ്രൊ.കെ.പി.സുധയുടേയും മകളായ ബിനി ബി. എ.പരീക്ഷയിലും ഒന്നാം റാങ്ക് നേടിയിരുന്നു.

**അനുമോദനങ്ങൾ**


*Read & Subscribe*

KERALA PRIVATE COLLEGE TEACHER

A JOURNAL OF AKPCTA


Subscription Rate : Rs. 30/-

Send to: S. Jayaraj Kumar, Geetanjali, 79-Ulloor Gardens, Kochulloor, Medical College P.O, Thiruvananthapuram - 695 011 Phone: 0471-440004

# ഡോക്ടറേറ്റ് ലഭിച്ചു



തിരുവനന്തപുരം ആൾ സെയിന്റ്സ് കോളജ് കോമേഴ്സ് ഭാഗം മേധാവി ശ്രീമതി. കെ. ഗീതാദേവിയ്ക്ക് കേരള സർവ്വകലാശാലയിൽ നിന്നും കോമേഴ്സിൽ പി. എച്ച്. ഡി ലഭിച്ചു. *A study on the role of Banking Institution in the Rural Industrialisation of Kerala'* എന്ന വിഷയത്തെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ ഡോ. എം. കെ. രാമചന്ദ്രൻ നായരുടെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്. എ.കെ.പി.സി.ടി.എ യുടെ സജീവ പ്രവർത്തകയായ ശ്രീമതി ഗീതാദേവി, തിരുവനന്തപുരം എം. ജി. കോളജിലെ ഫിസിക്സ് അധ്യാപകൻ പ്രൊഫ. എം. ആർ. സുകുമാരൻനായരുടെ സഹധർമ്മിണി ആണ്.



നിലമേൽ എൻ.എസ്.എസ്.കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ശ്രീ.പി.എൻ.ഗംഗാധരൻ നായർക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. ഡോ.സി.രവീന്ദ്രൻ നമ്പ്യാരുടെ (കൊച്ചിൻ കോളജ്) മേൽനോട്ടത്തിൽ ""The treatment of Political ethos in Jeffrey Archer's Novels : A critical study" എന്ന വിഷയത്തിലായിരുന്നു ഗവേഷണം.



യുവകഥാകൃത്ത് അംബികാസുതൻ മാങ്ങാടിന് കോഴിക്കോട് സർവ്വകലാശാലയിൽനിന്നും മലയാളസാഹിത്യത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. മലയാള ചെറുകഥയിലെ കാല (Time) സങ്കല്പം എന്ന വിഷയത്തിലായിരുന്നു ഗവേഷണപഠനം. ഡോ.എം.എം.ബഷീറായിരുന്നു പഠനത്തിന് മാർഗ്ഗനിർദ്ദേശം നൽകിയത്.

'രണ്ട് മുദ്ര' (നോവലെറ്റ്), 'സി.പി. അച്യുതമേനോനും മലയാളവിമർശനവും' (വിമർശനം), 'സാധാരണ വേഷങ്ങൾ', 'വാലില്ലാത്ത കിണ്ടി', 'ഒതേനന്റെ വാൾ' (കഥകൾ) എന്നിവയാണ് ഗ്രന്ഥങ്ങൾ.

അങ്കണം അവാർഡ്, കാരൂർ പുരസ്കാരം, ഇതൾ അവാർഡ്, തുഞ്ചൻ സ്മാരക അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. എ.കെ.പി.സി.ടി.എ, കാഞ്ഞങ്ങാട് നെഹ്റു കോളജ് യൂണിറ്റിലെ സജീവ പ്രവർത്തകനാണ്.

## അനുമോദനങ്ങൾ-ആശംസകൾ


# എ.കെ.പി.സി.ടി.എ.
# തിരുവനന്തപുരം ജില്ലാസമ്മേളനം

## 2001 ഫെബ്രുവരി 3 ന്

**പെരിങ്ങമ്മല ഇക്ബാൽ കോളജിൽ**

# *More about the medicinal virtues of 'aegle marmelos'*

The antidiabetic property of Aregle Marmelos has been dealt with in the last edition of the journal by Dr.P.T.C.Ponnachan. Here is an atempt to make the subscribers know more about the medicinal virtues of the plant.



Aegle marmelos is a small or medium sized deciduous tree armed with straight, sharp, auxilliary thorns which are about 3cm long. Leaves alternate, trifoliolate; leaflets ovate, lanceolate entire or crenate. Flowers in short lateral panicles, greenish white, sweet scented about 2.5 cm across. Petals 4 or 5 imbricate stamens 40-60, filaments short. Fruit, a berry 5-12.5 cm in diameter, usually globose, smooth, grey, yellow or greenish, rind woody, pulp sweet and aromatic.

The plant grows wild in sub-Himalayan tract and also in the western Himalayas, central and south India. It is often planted all over India.

**Medicinal use**

The roots, leaves and fruits are used for medicinal purpose. *The important uses -*

1. Used as a mild laxative (ripe fruit)
2. Reduces or eliminates fever (leaves)
3. Got an antidiabetic property (leaves)
4. Used to cure inflammation of mucus membranes having a free discharge (leaves)
5. Used for chronic diarrhoea or dysentery and irritation of alimentary tract. (The unripe fruit & root)

The pulp of unripe or halfripe fruit is used for preparation of mother tincture in Homeopathy. Naturopathy also makes use of the medicinal property of Aegle marmelos to a great extent.

**Dr. Anitha S.Nair**
Head of the Dept., Homeopathic Medical College, Kottayam.

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

2000–2001 വർഷത്തെ എ.കെ.പി.സി.ടി.എ മെമ്പർഷിപ്പ് ഫീസ്, ലീഗൽ ആക്ഷൻ ഫണ്ട്, കുടിശ്ശിക, ഡയറക്ട് ആക്ഷൻ ഫണ്ട് കുടിശ്ശിക എന്നിവ അടിയന്തിരമായി എസ്.ബി.ടി. ഫറൂക്ക് ശാഖയിൽ മാറാവുന്ന വിധത്തിൽ ട്രഷററുടെ പേരിൽ ഡി.ഡി എടുത്ത് അയയ്ക്കുക.

ട്രഷററുടെ മേൽവിലാസം

**K. SASIDHARAN**

Raji Sadan, Manoor P.O., Kozhikode - 673 328

# Government of Kerala

ABSTRACT

Pre-Degree delinking - Deployment/Deputation of excess staff in Govt/aided Private Colleges due to the pre-degree delinking - Orders issued -

## Higher Education (B) Dept

G.,O.(MS)176/2000/H.Edn.

Dated, Thiruvananthapuram, 17-11-2000

**Read:- G.O.(MS)No.145/2000/H.Edn. dated 5-10-2000**

ORDER

In partial modification of Government Order cited, Government are pleased to order as follows:-

i) Category (ii) mentioned in the G.O. will be modified as "teachers having less than 6 years service"

ii) Category (iii) mentioned in the G.O. will be modified as "teachers having more than 6 years service".

The conditions of deployment in the category (ii) would be modified as "the teachers under category (ii) should also be deputed to Higher Secondary Schools, if necessary".

By order of the Governor
N.Chandrasekharan Nair
Principal Secretary to Govt.

# Government of Kerala

ABSTRACT

UGC Scheme - Revision of scale of Pay of Teachers etc. - Academic aspects of workload and teaching days in Colleges in Kerala consequent on the implementation of UGC Scheme 1996 - modified orders issued.

## Higher Education (C) Department

G.O.(P)No.5/2001/H.Edn.

Dated, Thiruvananthapuram, 3-1-2001.

Read:

**1. G.O.(P)No.171/99/H.Edn. dated 21/12/99.**
**2. G.O.(P)No.21/2000/H.Edn. dated 18/2/2000.**
**3. G.O.(MS)No.100/2000/H.Edn. dated 23/6/2000.**

ORDER

In the G.O. read as Ist paper above orders were issued implementing revised scale of pay to the University/College teachers at par with the revised UGC scales of pay with effect from 1-1-1996. The Government also issued orders read as 2nd paper above prescribing hours of work, number of working days etc.

2. There was protest from teachers' organisations against some of the stipulations in the G.Os. and Circulars on the number of teaching days prescribed, hours of work etc.

3. A Committee was appointed by Government as per the orders read as 3rd paper to examine the academic

aspects of workload and teaching days in Colleges in Kerala. The committee has submitted their report. After having examined the recommendation Government are pleased to issue the following orders.

(1) Five day week may be followed in the State instead of six day week ordered in G.O. dated 21-12-199[illegible] Apart from scheduled public holidays, if teaching days are lost in a college due to declaration of holiday or due to any other reasons specified below, the ensuing Saturdays may be declared working days for the college to compensate the number of days lost. The time-table for the days lost would be followed during Saturdays. The Principal should inform the concerned University and the Deputy Director of Collegiate Education about the arrangements ordered by him.
The loss of teaching days for the following reasons would be compensated by working on Saturdays:
(i) Local holidays delcared by District Collector/Government.
(ii) Holidays declared by the College authorities in exceptional circumstances.
(iii) Bandh/Harthal or strike causing disruption of teaching for more than two hours in a day.

(2) Out of 40 hours of total weekly work load prescribed by UGC, 10 hours are meant for preparation. The teachers may be given freedom to decide whether preparation has to be done at the college itself or elsewhere where better facilities are available. The Colleges may be directed to insist on a minimum physical presence of teachers for 5 hours in the college excluding one hour lunch recess. Depending upon the local conditions, the Colleges will have a working hour pattern of 9.00 AM to 4.00 PM, 9.30 AM to 4.30 PM or 10.00 AM to 5.00 PM. Each college should intimate the timing chosen by it to the concerned Unviersity and the Government. The Principals may be directed to take appropriate measures to ensure the above timings.

(3) Forty hours of work per week envisaged in the UGC scheme can have 10 hours of preparation work and the same may be done either at College premises or at home, freedom being given to the teachers concerned. The maximum teaching work for any teacher shall not exceed 16 hours per week as envisaged in the UGC scheme and one teaching hour for PG class may be equated as 1 1/2 hours of UG work. There should be a well defined time table of 25 hours per week and the same should be made available to competent authorities.

1. **(a) Lecturers in Non-laboratory subjects**

| | *Activity* | *Average number of Hours per week* |
|---|---|---|
| 1. | Teaching | 16 |
| 2. | Test papers | 2 |
| 3. | Tutorials | 4 |
| 4. | Preparation of teaching | 10 |
| 5. | Supervision of academic work | 4 |
| 6. | Administrative work | 4 |
| | **Total** | **40 hours** |

**(b) Science subjects involving laboratory work**

| | *Activity* | *Average number of hours per week* |
|---|---|---|
| 1. | Teaching | 16 |
| 2. | Laboratory and laboratory preparation | 4 |
| 3. | Test papers | 2 |
| 4. | Teaching preparation | 10 |
| 5. | Tutorials | 4 |
| 6. | Supevision of academic works | 4 |
| | **Total** | **40 hours** |

2. **COLLEGES WITH POST GRADUATE DEPARTMENT**

**(a) Non-laboratory subjects**

| | *Activity* | *Average number of Hours per week* |
|---|---|---|
| 1. | Teaching | 10 |
| 2. | Test papers/Assignments | 5 |
| 3. | Tutorials | 5 |
| 4. | Preparation for teaching | 10 |
| 5. | Research/Research Assignments | 10 |
| | **Total** | **40 hours** |

(b) **Lecturers in Science Subjects**

| | Activity | Average number of Hours per week |
|---|---|---|
| 1. | Teaching including laboratoyr work | 10 |
| 2. | Test papers/Assignments | 5 |
| 3. | Tutorials | 5 |
| 4. | Preparation for teaching | 10 |
| 5. | Research/Research Assignments | 10 |
| | **Total** | **40 hours** |

4. The teaching community has to become role models for future generation and to interact with the students and the socieyt in a manner befitting such role. The teachers should try to spend maximum time in the college so that informal interaction with students can be done.
5. The teachers should keep a work diary to document their day to day activities in the academic field. Universities may prescribe the proforma for the purpose and the work diary should be made available to the Academic Inspection Committee.
6. The Unviersities may draw up and prescribe a work calendar for a maximum of 200 days of college work of which 180 shall be for teaching.
7. There should be an academic committee in each University consisting Senior Professors of Unviersity Departments nominated by the Vice-Chancellor. The Vice-Chencellor will constitute the committee and the same should be reported to the University and the Government on the inspection conducted by them.
8. The Committee strongly favours introduction of Semester System in the Colleges at UG and PG levels, whereby most of the problems which led to the present issue, may automatically get redressed.
9. Regarding examination related work and valuation of answer books, in accordance with the recommendations of the UGC scheme, teachers shall value the answer scripts of regular sutdents as part of the duty. No separate remmuneration need be paid for the same. Regarding private candidates, the valuation of answer scripts be remunerated and it can be given to serving as well as retired teachers.

(4) The Government Orders read as first and 2nd papers above will stand modified to this extent.

By order of the Governor
N.Chandrasekharan Nair, Principal Secretary to Govt.


## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

2000–2001 വർഷത്തെ ജേർണൽ വരിസംഖ്യ, കുടിശിക അടിയന്തിരമായി എസ്.ബി.ടി. തിരുവനന്തപുരം ശാഖയിൽ മാറാവുന്ന വിധത്തിൽ മാനേജിംഗ് എഡിററുടെ പേരിൽ ഡി.ഡി എടുത്ത് അയയ്ക്കുക.

മാനേജിംഗ് എഡിററുടെ മേൽവിലാസം

S. Jayaraj Kumar, Geetanjali,
79-Ulloor Gardens, Kochulloor,
Medical College P.O,
Thiruvananthapuram - 695 011
Phone: 0471-440004

## ആദരാഞ്ജലികൾ



തിരുവനന്തപുരം എം.ജി കോളജ് കോമേഴ്സ് വിഭാഗം അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുകയും ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂടെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്നേഹാദരങ്ങൾക്ക് പാത്രമാവുകയും ചെയ്ത പ്രൊഫ. കെ. ഋഷികേശന്റെ (45) അകാലനിര്യാണത്തിൽ എ.കെ.പി.സി.ടി.എ. അഗാധ ദുഃഖം രേഖപ്പെടുത്തുന്നു. പരേതന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു

R. No. 36025/81
No. 163
Kerala Private COLLEGE TEACHER
"Registered". No. KL/TV(N)35/2000
January 2001

# എ. കെ. പി. സി. ടി. എ

# 43–ാം സംസ്ഥാന സമ്മേളനം

## ആലപ്പുഴയിൽ

## ഫെബ്രുവരി 16, 17, 18

### പ്രകടനം 17ന്

എ.കെ.പി.സി.ടി.എ. 43–ാം സംസ്ഥാനസമ്മേളനം 2001 ഫെബ്രുവരി 16,17,18 തീയതികളിൽ ആലപ്പുഴ ടൗൺ ഹാളിൽ നടക്കും. ഡിസംബർ 30ന് ആലപ്പുഴ അധ്യാപക ഭവനിൽചേർന്ന യോഗം കെ.വി.ദേവദാസ് ചെയർമാനും പി.രഘുനാഥ് ജനറൽ കൺവീനറുമായുള്ള 501 അംഗ സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. എല്ലാ കോളജുകളിലും സമ്മേളനത്തിന്റെ പ്രാധാന്യം അറിയിക്കുന്ന ബോർഡുകളും ബാനറുകളും വേണം. ചുവരെഴുത്തുകളും നടത്തുക. ഫെബ്രുവരി 17ന് ആലപ്പുഴ നടക്കുന്ന പ്രകടനത്തിൽ മുഴുവൻ എ.കെ.പി.സി.ടി.എ. അംഗങ്ങളും പങ്കെടുക്കണം. ഇതിനായി എല്ല ബ്രാഞ്ചുകളും ഇപ്പോഴേ വാഹനങ്ങൾ ബുക്കുചെയ്യുക. സമ്മേളനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് സാഹിത്യമൽസരം (കഥ, കവിത, ലേഖനം) സംഘടിപ്പിക്കുന്നുണ്ട്. മൽസരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് ആയിരം രൂപയും അഞ്ഞൂറ് രൂപയും വീതം സമ്മാനം നൽകും.

Edited, Printed and Published by Prof. S. Viswanathan, AKPCTA State Committee Office, Vanchiyor, Thiruvananthapuram - 35, Phone: 463494 at S.B. Press (P) Ltd. College Lane, Thiruvananthapuram - 1, Phone: 471904, 478013, Fax: 471904, Typeset: Genial, TVPM, Ph: 325789
Chief Editor: R. Mohana Kaimal.